സ്വാമി ശരണം
# അയ്യപ്പവാണി
अय्यप्पवाणि വെബ് വാർത്താമാസിക
ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)
പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008
അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.
വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com

ക്രമ നം. അയ്യപ്പവാണി – 13/2022 (ഉത്രം പതിപ്പ്)
16 ഡിസംബർ 2022
(01 ധനു 1198) യുഗാബ്ദം 5124


- തിരുവാഭരണം
- ഹരിവരാസനം വ്യാഖ്യാനം: ഭാഗം 3 – ശ്രീ. ജനാർദ്ദനൻ നായർ
- ധർമ്മ ശാസ്ത്രങ്ങൾ, മനുസ്മൃതി ഭാഗം 2 : ഡോ. വിശ്വനാഥൻ നമ്പൂതിരി
- ഭഗവത് ഗീത എന്തിന്?
- നമ്മുടെ പൈതൃകം – ഹൊയ്സാലേശ്വര ക്ഷേത്രം
- കഥ: കർമ്മം ഈശ്വരാർപ്പണമായി ചെയ്യണം.
- മന്ത്രശക്തി കൊണ്ട് ഭാഗ്യമുണ്ടാകുന്നതെങ്ങിനെ?
- സുഭാഷിതം – 35
- ഗീതാ ശ്ലോകങ്ങൾ 36–40
- ക്വിസ് –20
- വാർത്തകൾ


## തിരുവാഭരണം



"തിരുവാഭരണം" എന്നാൽ ശബരിമല സ്വാമി അയ്യപ്പന്റെ പവിത്രമായ ആഭരണങ്ങൾ. സ്വർണ്ണം കൊണ്ടാണ് ഈ ആഭരണങ്ങൾ നിർമ്മിച്ചി രിക്കുന്നത്. ഈ ആഭരണങ്ങൾ, മണികണ്ഠന്റെ (അയ്യപ്പന്റെ) പിതാവ് പന്തളം രാജാവിന്റെ നിർദ്ദേശ പ്രകാരമാണ് നിർമ്മിച്ചിരിക്കുന്നത് എന്ന് വിശ്വസിക്ക പ്പെടുന്നു. പന്തളം കൊട്ടാരത്തിനടുത്ത് വലിയ കോയിക്കൽ ക്ഷേത്രത്തിന് സമീപമുള്ള സ്രാമ്പിക്കൽ കൊട്ടാരത്തിലാണ്തിരുവാഭരണംസൂക്ഷിച്ചിരിക്കുന്നത്.

എല്ലാ വർഷവും മണ്ഡല – മകരവിളക്ക് തീർഥാടനകാലം അവസാനിക്കുമ്പോൾ ഈ തിരുവാഭരണം ( 3 പെട്ടികളിലായി ആഭരണങ്ങൾ, രാജവസ്ത്രം, മറ്റ് വസ്തുക്കൾ ഘോഷയാത്രയായി ശബരിമലയിലേക്ക് കൊണ്ടുപോകുകയും ഈ ആഭരണങ്ങളാൽ അലങ്കരിച്ച വിഗ്രഹത്തിൽ പൂജകൾ നടത്തുകയും ചെയ്യുന്നു. ക്ഷേത്രത്തിനു മുകളിൽ പ്രദക്ഷിണം വയ്ക്കുന്ന ശ്രീകൃഷ്ണ പരുന്ത് / ഗരുഡനെ കണ്ടശേഷമാണ് ഘോഷയാത്ര ആരംഭിക്കുക. പന്തളം രാജകുടുംബത്തിൽ നിന്നുള്ള ഒരു പ്രതിനിധി പല്ലക്കിൽ ഘോഷയാത്രയെ അനുഗമിക്കുന്നു. ഘോഷയാത്ര പരമ്പരാഗത പാതകളിലൂടെ, കാടുകൾ, കുന്നുകൾ, നദികൾ എന്നിവയിലൂടെ 83 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ചുകൊണ്ടാണ്സന്നിധാനത്ത്എത്തിച്ചേരുക.

മകരവിളക്ക് ഉത്സവത്തിനായി, 12 അംഗ സംഘം, അവരുടെ തലയിലേറ്റി, 3 ദിവസത്തെ കാൽനടയായുള്ള ഘോഷയാത്രയായിട്ടാണ്, അനേകം ഭക്തരുടെ അകമ്പടിയോടെ ശബരിമലയിലേക്ക് തിരുവാഭരണം കൊണ്ടുപോകുന്നത്. ഇത് മകര സംക്രമ ദിനത്തിൽ സൂര്യാസ്തമയ സമയത്താണ് ശബരിമല ക്ഷേത്രത്തിലെത്തുന്നത്. ആഭരണങ്ങൾ

അടങ്ങിയ ആദ്യത്തെ പെട്ടി ശ്രീകോവിലിലേക്ക് കൊണ്ടുപോകുകയും ആഭരണങ്ങൾ കൊണ്ട് അലങ്കരിച്ച് വിഗ്രഹത്തിൽ പൂജകൾ നടത്തുകയും ചെയ്യുന്നു. പൂജകൾ കഴിഞ്ഞാൽ, ശ്രീകോവിൽ "ദീപാരാധന"യ്ക്കൊപ്പം ദർശനത്തിനായി തുറക്കും, നിമിഷങ്ങൾക്കകം പൊന്നമ്പലമേട്ടിൽ നിന്ന് "മകരജ്യോതി" ദൃശ്യമാകും.

തിരുവാഭരണത്തിന്റെ മറ്റ് രണ്ട് പെട്ടികളിൽ, ഒരെണ്ണം സ്വർണ്ണം കൊണ്ട് നിർമ്മിച്ച ഒരു പാത്രം (കലശം/കുംഭം) അടങ്ങിയതാണ്, അഞ്ചാം ദിവസം ഭഗവാന് കളഭാഭിഷേകം നടത്താനായി ഉപയോഗിക്കുന്നു. മറ്റേ പെട്ടിയിൽ 5 തരം വർണ്ണ പൊടികൾ (സ്വാഭാവിക നിറങ്ങൾ കൊണ്ട് നിർമ്മിച്ചവ: 1. മഞ്ഞ – മഞ്ഞൾ, 2. കറുപ്പ്– ഉമിക്കരി, 3. വെള്ള – അരിപ്പൊടി, 4. തവിട്ട് നിറം – വാക എന്ന ഔഷധ വൃക്ഷത്തിന്റെ തൊലി, 5. ചുവപ്പ് നിറം – ചുണ്ണാമ്പ്, മഞ്ഞൾ എന്നിവയുടെ മിശ്രിതം) – മണിമണ്ഡപത്തിൽ കളമെഴുത്തിന് ഉപയോഗിക്കുന്നു. പന്തളം കൊട്ടാരത്തിലെ ഏറ്റവും മുതിർന്ന തമ്പുരാട്ടി/അമ്മ തയ്യാറാക്കി കൊടുത്തയക്കുന്നവയാണ് ഇവ. കൂടാതെ മീശയും, മരതകം കൊണ്ട് തിളങ്ങുന്ന കണ്ണുകളുമുള്ള അയ്യപ്പന്റെ തിടമ്പ്, തലപ്പാറ കോട്ടയുടെയും ഇഞ്ചിപ്പാറ കോട്ടയുടെയും രണ്ട് പതാകകൾ എന്നിവയും ഉണ്ടാകും. ഇവയെല്ലാം, മാളികപ്പുറത്തമ്മ യുടെ ക്ഷേത്ര സമുച്ചയത്തിൽ സ്ഥിതി ചെയ്യുന്ന മണിമണ്ഡപത്തിലേക്ക് എത്തിക്കുന്നു. തുടർന്ന്5 ദിവസങ്ങളിൽ ഇവ ഉപയോഗിച്ച് കളമെഴുത്തും ഭ ഗവാൻ അയ്യപ്പന്റെ എഴുന്നെള്ളത്തും നടക്കുന്നു.

തീർഥാടനകാലം കഴിഞ്ഞ് തിരുവാഭരണങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി സ്രാമ്പിക്കൽ കൊട്ടാരത്തിലേക്ക് തിരികെ കൊണ്ടുപോകും. തിരുവാഭരണവും പേടകങ്ങളും തീർഥാടന കാലത്ത്, സാധാരണയായി നവംബർ 2–ാം ആഴ്ച മുതൽ ഘോഷയാത്രയുടെ തലേദിവസം വരെ, ദർശനത്തിനായി സ്രാമ്പിക്കൽ കൊട്ടാരത്തിലും, ഘോഷയാത്രയുടെ ദിവസം വലിയകോയിക്കൽ ക്ഷേത്രത്തിലും സജ്ജമാക്കി വെക്കാറുണ്ട്.

**കുറിപ്പ്: തങ്ക അങ്കി:** മണ്ഡല പൂജാ വേളയിൽ സ്വാമി അയ്യപ്പനെ അലങ്കരിക്കുന്ന ശുദ്ധമായ സ്വർണത്തിലുള്ള (തങ്കം) മറ്റൊരു ആഭരണമാണ് "തങ്ക അങ്കി". തിരുവിതാംകൂർ രാജവംശത്തിലെ പരേതനായ ചിത്ര തിരുനാൾ ബാലരാമ വർമ്മ രാജാവാണ് 1973–ൽ ശബരിമല അയ്യപ്പന് 420 പവൻ തൂക്കമുള്ള 'അങ്കി' സമർപ്പിച്ചത്. കേരളത്തിലെ ശ്രീകൃഷ്ണ പ്രതിഷ്ഠയുള്ള പ്രമുഖക്ഷേത്രങ്ങളിലൊന്നായ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലാണ് ഇത് സൂക്ഷിച്ചിരിക്കുന്നത്.


മണ്ഡലക്കാലത്തിന്റെ അവസാന ദിവസം മണ്ഡല പൂജ സമയത്ത് സ്വാമി അയ്യപ്പനെ അലങ്കരിക്കുന്നതിനായി ആറന്മുളയിൽ നിന്ന് 'തങ്കഅങ്കി' പ്രത്യേക വാഹനത്തിൽ, രഥത്തിൽ ആചാരപരമായ ഘോഷയാത്രയോടെ ശബരിമലയിലേക്ക് കൊണ്ടുപോകും.

————————————————————————

## ഹരിഹരാത്മജാഷ്ടകം (ഹരിവരാസനം) – 3

(ശ്രീ P R ജനാർദ്ദനൻ നായർ, എറണാകുളം)








### ശ്ലോകം – 3

പ്രണയസത്യകം പ്രാണനായകം
പ്രണതകല്പകം സുപ്രഭാഞ്ചിതം
പ്രണവമന്ദിരം കീർത്തനപ്രിയം
ഹരിഹരാത്മജം ദേവമാശ്രയേ...

**പ്രണയസത്യകം:** അവതാരപുരുഷനായ അയ്യപ്പസ്വാമി നിത്യബ്രഹ്മചാരിയാണ്. എന്നാൽ ശ്രീധർമ്മശാസ്താവ് ഗൃഹസ്ഥാശ്രമിയാണ്, പൂർണ്ണ, പുഷ്കല എന്നീ രണ്ടു ഭാര്യമാരോടും സത്യകൻ എന്ന പുത്രനോടുമൊപ്പം ശ്രീകൈലാസത്തിൽ വസിച്ചരുളുന്നുവെന്നാണ് സങ്കല്പം. ഗൃഹസ്ഥാശ്രമിയായ ശ്രീധർമ്മശാസ്താവിനെയാണ് അച്ചൻകോവിൽ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളത്. പുത്രനായ സത്യകനെ വത്സല്യപൂർവ്വം സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഭഗവാനെയാണ് പ്രണയസത്യകൻ എന്ന് വിശേഷിപ്പിക്കുന്നത്.

സത്യകൻ എന്നാൽ നേരുള്ളവൻ എന്നർത്ഥം. സത്യധർമ്മാദികൾ പാലിക്കുന്ന സജ്ജനങ്ങളിൽ പ്രീതിയുള്ളവൻ. പ്രണയനം എന്നാൽ പ്രവർത്തിപ്പിക്കൽ, നിറവേറ്റൽ, അനുഷ്ഠിക്കൽ എന്നെല്ലാം അർത്ഥം. സത്യത്തെ നടപ്പാക്കുകയും നിറവേറ്റുകയും

ചെയ്യുന്നവനാണ് പ്രണയസത്യകൻ. സത്യധർമ്മപരിപാലകനും സത്യധർമ്മപ്രവർത്തകനുമാണല്ലോ ഭഗവാൻ.

പ്രണയസത്യകൻ എന്നതിന് സത്യകാമൻ, സത്യത്തെ കാംക്ഷിക്കുന്നവൻ എന്നും അർത്ഥം പറയാം. 'ഏകമായ സത്യം ബ്രഹ്മം' എന്ന് എല്ലാവരും കേട്ടിട്ടുണ്ടല്ലോ. ആ ബ്രഹ്മം എന്ന സത്യത്തെ കാംക്ഷിക്കുന്ന ജീവാത്മാവ് എന്നും ഇതിന് അർത്ഥം കല്പിക്കാവുന്നതാണ്. അങ്ങിനെ ഏത് നാമങ്ങൾ എടുത്താലും ഭഗവാൻ ജീവാത്മാവും പരമാത്മാവും ആണെന്നതിനുള്ള സൂചനകൾ ധാരാളം കാണാൻ കഴിയും.

ബുദ്ധിയും സിദ്ധിയും ശ്രീഗണപതിഭഗവാന്റെ ഭാര്യമാരാണ് എന്നൊരു സങ്കൽപ്പമുണ്ട്. അദ്ദേഹത്തിന്റെ ഗുണവൈശിഷ്ട്യങ്ങളാണ ബുദ്ധിയും സിദ്ധിയും. ആ ഗുണവൈശിഷ്ട്യങ്ങളെ ഭാര്യമാരായി സങ്കല്പിക്കപ്പെടുന്നു. അതുപോലെ പൂർണ്ണത്വം, പുഷ്കലത്വം, സത്യത്വം എന്നിവ ശ്രീധർമ്മശാസ്താവിന്റെ ഗുണവൈശിഷ്ട്യങ്ങളാണ്. അവയെ ആകാം ഭഗവാന്റെ ഭാര്യമാരും പുത്രനുമായി കല്പിക്കപ്പെട്ടിരിക്കുന്നത്.

**പ്രാണനായകം:** പ്രാണൻ, അപാനൻ, വ്യാനൻ, സമാനൻ, ഉദാനൻ എന്നീ പഞ്ചപ്രാണന്മാരും അഞ്ച് ഉപപ്രാണന്മാരും കൂടി പ്രാണന്മാർ പത്ത്. ഈ പത്തിന്റേയും ഒരുമിച്ചുള്ള പേരും പ്രാണൻ എന്നുതന്നെ. എല്ലാ പ്രാണന്മാരുടെയും നിയന്താവായ ജീവാത്മാവായി, അവയെ യഥാവിധി നിയന്ത്രിച്ച് ശരീരത്തിന്റെ ആരോഗ്യസ്ഥിതി സംരക്ഷിക്കുന്നത് പ്രാണനായകനായ ഭഗവാനാണ്. പ്രാണൻ എന്നാൽ ജീവൻ എന്നും അർത്ഥമുണ്ട്, ദേഹത്തിനുള്ളിൽ വസിക്കുന്ന ജീവൻ, അതായത് ജീവാത്മാവ് തന്നെ യാണ് ഭഗവാൻ. കൂടാതെ എല്ലാ ജീവാത്മാക്കളുടെയും നായകനായ പരമാത്മാവും കൂടിയാണ് ഭഗവാൻ. അതായത്, ഭൂതനായകൻ എന്നതിന്റെ വ്യാഖ്യാനത്തിൽ കണ്ടതുപോലെ ജീവാത്മാവും പരമാത്മാവും പ്രാണനായകനായ ഭഗവാൻ തന്നെ, രണ്ടും ഒന്നുതന്നെയെന്ന് താല്പര്യം.

**പ്രണതകല്പകം:** പ്രണതൻ എന്നാൽ പ്രണമിച്ചവൻ, നമിച്ചവൻ എന്നർത്ഥം. ഭക്തന്മാരാണല്ലോ ഭഗവാനെ പ്രണമിക്കുന്നത്. അവർക്ക് കല്പ വൃക്ഷമായവനാണ് പ്രണതകല്പകൻ. ദേവലോകത്തെ കല്പതരു ഭക്തന്റെ ഏത് ആവശ്യവും സാധിച്ച് കൊടുക്കുവാൻ

കഴിവുള്ളതാണെന്നത് പുരാണ പ്രസിദ്ധമാണല്ലോ. അതുപോലെ ഭഗവാൻ ഭക്താനുഗ്രഹത്തിന് സദാ സന്നദ്ധനാണ് എന്ന് പ്രണതകല്പകൻ എന്ന നാമത്തിലൂടെ വ്യക്തമാക്കുന്നു.

**സുപ്രഭാഞ്ജിതം:** പ്രഭയെന്നാൽ ശോഭ. അനേകം സഹസ്രകിരണന്മാർ (സൂര്യന്മാർ) ഒരുമിച്ച് ഉദിച്ചുയരുന്ന പൊലെ ശോഭിക്കുന്നതാണ് ഭഗവാന്റെ ദേഹകാന്തി. അങ്ങിനെ ശോഭിക്കുന്നതിനാൽ സുപ്രഭാഞ്ചിതൻ എന്ന് വിശേഷണം. മനുഷ്യശരീരത്തിനുചുറ്റും, മനുഷ്യന്റെ പ്രാണശരീരം തന്നെയായ, അസ്പഷ്ടമായ ഒരു പ്രഭാവലയം – AURA ഉണ്ടെന്നാണ് പറയപ്പെടുന്നത്. പക്ഷെ, അത് പ്രകടമല്ലാത്തതിനാൽ പ്രഭാഞ്ചിതൻ എന്ന് മനുഷ്യനെ വിളിക്കാറില്ല. എന്നാൽ ഭഗവാൻ സുപ്രഭാഞ്ചിതനാണ് – സുപ്രഭകൊണ്ട് അലങ്കരിക്കപ്പെട്ടവൻ എന്നർത്ഥം. ശ്രീകോവിലിൽ ഭഗവാന്റെ വിഗ്രഹത്തിനെ വലയം ചെയ്ത് പിന്നിൽ അർദ്ധവൃത്താകൃതിയിൽ 'പ്രഭ' എന്ന ഒരു അലങ്കാരവസ്തു വെക്കുന്നത് അറിവുള്ളതാണല്ലോ. സുപ്രഭാഞ്ചിതമായ ഭഗവത്സ്വരൂപത്തിന്റെ പ്രതീകമാണ് ശ്രീകോവിലിലെ പ്രഭാമണ്ഡിതമായ വിഗ്രഹം. അഥവാ വിഗ്രഹത്തെ സുപ്രഭാഞ്ചിതമാക്കുന്നതിനാണ് ആ പ്രഭകൊണ്ട് അലങ്കരിക്കുന്നത്.

**പ്രണവമന്ദിരം:** പ്രണവം എന്നാൽ ഓംകാരമാണെന്നും അത് പരബ്രഹ്മത്തെ സൂചിപ്പിക്കുന്നതാണെന്നും അറിയാമല്ലോ. നമ്മുടെയുള്ളിൽ ആത്മ സ്വരൂപമായി വർത്തിക്കുന്നത് പ്രണവപ്രതീകമായ ജീവാത്മാവാണ്. ഭഗവത്ഗീതയിൽ "ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീയതേ" എന്ന് പറയുന്നു. അതിനാൽ മനുഷ്യശരീരത്തെപ്പോലും പ്രണവമന്ദിരം എന്ന് വിശേഷിപ്പിക്കാവുന്നതാണ്. പക്ഷേ, മനുഷ്യ ശരീരത്തിലെ ജീവാത്മാവ് അവിദ്യോപാധിയാൽ ബദ്ധനാകയാൽ ശരീരത്തിൽ വിരാജിച്ചരുളുന്നുവെന്ന് പറയാനാകില്ല. എന്നാൽ അവിദ്യാരഹിതമായ ഭഗവത്ശരീരം ഓംകാര സ്വരൂപമായ പരമാത്മാവു വിരാജിച്ചരുളുന്ന പ്രണവ മന്ദിരം തന്നെയാണ്. സർവം ബ്രഹ്മമയം ആയതിനാൽ ഭഗവാൻ സദാ ബ്രഹ്മത്തിൽ വസിക്കുന്നു, ബ്രഹ്മത്തെ, പ്രണവത്തെ തന്റെ ആലയ മാക്കി അതായത് മന്ദിരമാക്കി വസിക്കുന്നു. പ്രണവം മന്ദിരമായിട്ടുള്ളവൻ പ്രണവമന്ദിരൻ. അതായത് പ്രണവത്തിനു മന്ദിരമായവൻ എന്നും പ്രണവത്തെ മന്ദിരമാക്കിയവൻ എന്നും രണ്ടു തരത്തിലും ഈ പദത്തെ വ്യാഖ്യാനിക്കാം.

**കീർത്തനപ്രിയം:** കീർത്തനം സ്തുതിയാണ്. ഭഗവാനെ സ്തുതിക്കുന്ന വാക്കുകൾ കീർത്തനങ്ങൾ. അതിൽ സന്തോഷിക്കുന്നവനാണ് ഭഗവാൻ. അതിനാൽ കീർത്തനപ്രിയൻ. ഭക്തരുടെ സ്തുതികളിലൂടെ ഭഗവാന് എന്താണ് നേടുവാനുള്ളത്? ഒന്നുമില്ല. അദ്ദേഹം പൂർണ്ണകാമനാണ്. പിന്നെയെന്തിന്, സ്തുതികൾ കേട്ടു സന്തോഷിക്കണം? ഭഗവാന്റെ സന്തോഷം ഭക്തന്മാരോടുള്ള കാരുണ്യത്തിന്റെ പ്രകടനമാണ്. കീർത്തനങ്ങളിലൂടെ സ്തുതിക്കുന്നത് ഭഗവാന്റെ ഗുണകർമ്മസ്വഭാവങ്ങളെയാണെന്ന് അറിയാമല്ലോ. സ്തുതികൾ ഭഗവാന്റെ ഗുണകർമ്മസ്വഭാവങ്ങളെ തിരിച്ചറിയാനും അവയെ സ്വായത്തമാക്കുവാനും ഭക്തനെ സഹായിക്കുന്നു. ക്രമേണ അവൻ ഈശ്വരത്വ ത്തിലേക്ക് ഉയർത്തപ്പെടുന്നു. ഈ ഉയർച്ചതന്നെയാ ണല്ലോ മനുഷ്യന്റെ ജീവിതലക്ഷ്യവും. ഈ കീത്തനങ്ങളിലൂടെ ഭക്തർ ജ്ഞാനികളായി മാറുന്നു എന്നർത്ഥം. അതിലാണ് ഭഗവാന്റെ സന്തോഷം. അതായത് ഭഗവാന്റെ കീർത്തനപ്രിയത്വം ഭക്തനെ ജ്ഞാനിയാക്കി അനുഗ്രഹിക്കാൻ വേണ്ടി മാത്രമാണ്. അല്ലാതെ ഭഗവാനു വേണ്ടിയിട്ടല്ല.

സത്യപരിപാലകനും, പ്രാണനായകനും, ഭക്താ ഭീഷ്ടദായകനും, സുപ്രഭാഞ്ചിതനും, പ്രണവമന്ദിരനും, കീർത്തനപ്രിയനും, ഹരിഹരാത്മജനുമായ ശ്രീധർമ്മ ശാസ്താവിനെ ഞാൻ ആശ്രയിക്കുന്നു എന്ന് ഈ ശ്ലോകത്തിന്റെ താൽപര്യം. ആ ഭഗവാന്റെ കരുണാ കടാക്ഷത്താൽ എന്നിലെ സത്യനിഷ്ഠയും, ദേഹത്തിന്റെ ആരോഗ്യവും, അഭീഷ്ടസിദ്ധിയും, ഓജസ്സും, തേജസ്സും, 'സർവം ഖല്വിദം ബ്രഹ്മ' എന്ന ഭാവനയും, ഭഗവാന്റെ ഗുണകർമ്മസ്വഭാവങ്ങളെക്കുറിച്ചുള്ള അറിവും ഉത്തരോ ത്തരം അഭിവൃദ്ധി പ്രാപിക്കട്ടെ.

(തുടരും)

-----------------

## ധർമ്മശാസ്ത്രങ്ങൾ – മനുസ്മൃതി : ഭാഗം–2

(ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി,
റിട്ട. സംസ്കൃതം പ്രൊഫസർ, ബസേലിയസ്
കോളേജ്, കോട്ടയം)



മനുസ്മൃതിയിൽ പന്ത്രണ്ട് അദ്ധ്യായങ്ങളാണുള്ളത്. പല വിഷയങ്ങൾ ചർച്ച ചെയ്യുന്നു. ഒന്നാം അദ്ധ്യായം സൃഷ്ടിക്രമത്തെക്കുറിച്ച് തന്നെയാണ്. സൃഷ്ടി ആരംഭിക്കുന്നത് കാരണജലത്തിൽ യോഗനിദ്ര ചെയ്യുന്ന മഹാവിഷ്ണുവിനെ അവതരിപ്പിച്ച കൊണ്ടാണ്. 'കാരണജലം' എന്നൊരു ജലം പ്രത്യക്ഷത്തിൽ ഇല്ല. സമസ്ത പ്രപഞ്ചഘടകങ്ങളും സൂക്ഷ്മസ്വരൂപമായി തന്റെ ഉള്ളിലൊതുക്കി ഭഗവാൻ എവിടെയാണോ യോഗനിദ്ര അനുഷ്ഠിക്കുന്നത്, അതിനെ കാരണജലം എന്ന് പറയുന്നു. എന്തെന്നാൽ ഇനിയും നടക്കേണ്ട സൃഷ്ടിക്കുള്ള 'കാരണങ്ങൾ' മുഴുവൻ വിഷ്ണുവിന്റെ ഉള്ളിലുണ്ട്. കാരണത്തെ വഹിച്ചുകൊണ്ട്, കാരണ സ്വരൂപനായ വിഷ്ണു എവിടെയാണോ യോഗനിദ്രയിൽ സ്ഥിതി ചെയ്യുന്നത്, ആ ജലത്തെ "കാരണജലം' എന്ന് പറയുന്നു. ഈ യോഗനിദ്രയെ വിവരിച്ച കൊണ്ടാണ് മനുസ്മൃതി ആരംഭിക്കുന്നത്.

കാരണജലത്തിൽ അധിവസിക്കാൻ ഇടയായതു കൊണ്ട് "നാരായണൻ' എന്ന ഒരു നാമം മഹാവിഷ്ണുവിനുണ്ടെന്ന് മനുസ്മൃതി സൂചിപ്പിക്കുന്നു. കാരണജലത്തിൽ ഭഗവാൻ വിശ്രമിക്കുമ്പോൾ കാലത്താൽ പ്രചോദിതനായി സൃഷ്ടി നടത്തണം എന്ന ഇച്ഛ ഉണ്ടായി. അപ്പോൾ സൃഷ്ടിയുടെ പ്രതീകമായി ഭഗവാന്റെ നാഭിയിൽ നിന്നൊരു താമരയും, താമരക്കുള്ളിൽ നിന്നു ബ്രഹ്മാവുമുണ്ടായി. ബ്രഹ്മാവിന്റെ ഉള്ളിൽ നിന്നും സൃഷ്ടിക്കാവശ്യമായ സമസ്ത ഉപകരണങ്ങളും – മഹത്, മായ, പ്രകൃതി, ത്രിഗുണങ്ങൾ, പഞ്ചഭൂതങ്ങൾ, പഞ്ചതന്മാത്രകൾ, അന്തഃകരണങ്ങൾ, എന്നിവയും – അവയിൽ നിന്ന് മനുക്കൾ, പ്രജാപതിമാർ, ദേവന്മാർ, മനുഷ്യർ, പശുപക്ഷികൾ, വൃക്ഷങ്ങൾ, മൃഗാദികൾ എന്നിവയും ഉണ്ടായി.

അതിനുശേഷം മഹാപ്രളയത്തെക്കുറിച്ചും, ചതുർയുഗങ്ങളെക്കുറിച്ചും അതാതു യുഗങ്ങളിൽ അനുഷ്ഠിക്കേണ്ട ധർമ്മങ്ങളെക്കുറിച്ചും (യുഗധർമ്മങ്ങൾ) ഓരോ യുഗത്തിലുമുള്ള വർണങ്ങൾ, വർണധർമ്മങ്ങൾ (കൃത– ത്രേത– ദ്വാപര– കലിയുഗ ധർമ്മങ്ങൾ) മുതലായ വിഷയങ്ങളെക്കുറിച്ചും വിസ്തരിച്ച പറയുന്നു.

## വർണങ്ങൾ

അടുത്തതായി വർണങ്ങളെക്കുറിച്ച ചിന്തിക്കാം. "വരിക്കുന്നതെന്താണോ അതാണ് വർണം' – വരിക്കുക എന്നാൽ സ്വയം സ്വീകരിക്കുക എന്നാണ്. (ഇതിനെയാണ് പിൽക്കാലത്തു നമ്മൾ "ജാതി' എന്ന രീതിയിൽ

മാറ്റിയത്. വർണവും ജാതിയും രണ്ടാണ് – പക്ഷെ, നമുക്കിന്നു വർണമില്ല, ജാതിയെ ഉള്ളൂ). കർമ്മവും ഗുണവും നോക്കിയാണ് വർണം അറിയേണ്ടത്. ഏത് വംശത്തിൽ, ജാതിയിൽ ജനിച്ചാലും ഏതു വർണവും തിരഞ്ഞെടുക്കുവാൻ നമുക്ക് അധികാരമുണ്ട്, വ്യവസ്ഥയുമുണ്ട്.

നാലുവിധം വർണങ്ങളെക്കുറിച്ചാണ് വേദങ്ങളിൽ പറയുന്നത് – ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രന്മാർ. ഇവ നാലും നമ്മൾ ധാരാളം കേട്ടു പരിചയിച്ച പദങ്ങളാണ്. കലിയുഗത്തിൽ ഈ നാലു വർണങ്ങളുടെ ധർമ്മങ്ങൾ എന്താണെന്ന് മനു നമ്മെ ബോധ്യപ്പെടുത്തുന്നു. ഇത് മനുസ്മൃതിയിലെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. മനുസ്മൃതി ഉദാഹരണമാക്കാനും അതുതന്നെയാണ് പ്രധാനകാരണം.

**ബ്രാഹ്മണധർമ്മം**

എന്താണ് ബ്രാഹ്മണധർമ്മമെന്ന് മനു താഴെ കാണുന്ന ശ്ലോകത്തിലൂടെ നമ്മെ ബോധ്യപ്പെടുത്തുന്നു. ധാരാളം ശ്ലോകങ്ങൾ ഉള്ളതിൽ ഒന്ന് മാത്രം ഉദാഹരിക്കുകയാണ്.

"അദ്ധ്യാപനം അദ്ധ്യയനം യജനം യാജനം തഥാ
ദാനംപ്രതിഗ്രഹംചൈവബ്രാഹ്മണാനാമകൽപയത്"

അദ്ധ്യാപനം, അദ്ധ്യയനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം എന്നീ ആറു ഗുണങ്ങളാണ് ബ്രാഹ്മണർക്കു കല്പിച്ചിരിക്കുന്നത്. ഈ ആറു ഗുണങ്ങൾ / കർമങ്ങൾ ആരിൽ കാണുന്നുവോ അവൻ ബ്രാഹ്മണനാണ്. ജന്മം ഇവിടെ വിഷയമല്ല. ഇതാണ് മനുസ്മൃതി പറയുന്ന യുഗധർമ്മത്തിലെ ബ്രാഹ്മണലക്ഷണം.

"അദ്ധ്യയനം', "അദ്ധ്യാപനം' – സ്വയം പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും വേണം.

"യജനം', "യാജനം' – യജ്ഞം ചെയ്യുകയും ചെയ്യിക്കുകയും വേണം.

ബ്രാഹ്മണന് ദാനവും പ്രതിഗ്രഹവും ആകാം. "ദാനം' എന്നാൽ ദാനം കൊടുക്കുക, "പ്രതിഗ്രഹം' എന്നാൽ ദാനം സ്വീകരിക്കുക. വാങ്ങിയാൽ മാത്രം പോരാ, കൊടുക്കുകയും വേണം.

ഈ ആറു കർമങ്ങൾ – അദ്ധ്യാപനം, അദ്ധ്യയനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം എന്നിവ ആരാണോ ചെയ്യുന്നത് അവനാണ് ബ്രാഹ്മണൻ, അത് ബ്രാഹ്മണ ധർമ്മം.

**ക്ഷത്രിയധർമ്മം**

ക്ഷത്രിയനെന്നാൽ "ക്ഷതാത് കില ത്രായത ഇതി

ക്ഷത്രിയഃ"– ക്ഷതിയിൽ നിന്നും മറ്റുള്ളവരെ രക്ഷിക്കുന്നവൻ ക്ഷത്രിയൻ. ക്ഷതി എന്നാൽ നാശം.

"പ്രജാനാം രക്ഷണം ദാനം ഇജ്യാദ്ധ്യയനമേവ ച
വിഷയേഷ്വപ്രസക്തിശ്ച ക്ഷത്രിയസ്യ സമാസതഃ"

ക്ഷത്രിയന്റെ പ്രധാനധർമ്മം രക്ഷയാണ്. ബ്രാഹ്മണനു സ്വരക്ഷയും പരരക്ഷയും ധർമ്മമാണ്. ക്ഷത്രിയന് രാജ്യത്തെയും പ്രജകളെയും രക്ഷിക്കുന്നതാണ് ധർമ്മം. "പ്രജാനാം രക്ഷണം' – പ്രജകളുടെ സംരക്ഷണം, ഇതാണ് രാജാവിന്റെ പരമപ്രധാനമായ ധർമ്മം. സ്വജീവനുപോലും വില കൊടുക്കാതെ രാജാവ് തന്റെ കടമ ചെയ്യണം. ക്ഷത്രിയന് ദാന പ്രതിഗ്രഹങ്ങളിൽ ദാനം മാത്രമാണ് ധർമ്മം, പ്രതിഗ്രഹം എന്നതില്ല.

"ഇജ്യ, അദ്ധ്യയനം' – 'ഇജ്യ' എന്നാൽ യാഗം – ക്ഷത്രിയന് യാഗം ചെയ്യാം, പക്ഷെ മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കാൻ അധികാരമില്ല. അദ്ധ്യയനം വേണം, പക്ഷെ അദ്ധ്യാപനം ഇല്ല.

## വൈശ്യധർമ്മം

"പശൂനാം രക്ഷണം ദാനം ഇജ്യാദ്ധ്യയനമേവ ച
വണിക്പഥം കുസീദം ച വൈശ്യസ്യ കൃഷിമേവ ച"

"ഗോരക്ഷ' – പശുപരിപാലനം ആണ് വൈശ്യന്റെ ഒരു ധർമ്മം. അതുപോലെ ദാനവും ആകാം. ഇജ്യ, അദ്ധ്യയനം – ഇവ രണ്ടും വേണം. യാഗം ചെയ്യാം, പഠിക്കാം, പക്ഷെ മറ്റുള്ളവരെ ക്കൊണ്ട് യാഗം ചെയ്യിക്കാനും പഠിപ്പിക്കാനും അധികാരമില്ല. അത് ബ്രാഹ്മണർക്കുള്ളതാണ്. "വണിക്പഥം' – കച്ചവടം ജീവിതമാർഗമായി തിരഞ്ഞെടുത്തവൻ. "കുസീദം' – പണം വായ്പ നൽകുന്നതിനെ കുസീദം എന്ന് പറയുന്നു. വായ്പ നൽകുന്ന തൊഴിൽ വൈശ്യന്റെ ധർമ്മമാണ്. വൈശ്യൻ കൃഷി ചെയ്യുന്നവനുമാകാം. കൃഷി, ഗോരക്ഷ, കച്ചവടം, കച്ചവടത്തിന് അല്ലെങ്കിൽ കൃഷിക്ക് വേണ്ടി വായ്പ നൽകൽ ഇതെല്ലാമാണ് വൈശ്യലക്ഷണം. കച്ചവടത്തിനും കൃഷിക്കും പണം ആവശ്യമുള്ളപ്പോൾ വായ്പ വാങ്ങുന്നതും നൽകുന്നതും വൈശ്യധർമ്മം തന്നെ.

## ശൂദ്രധർമ്മം

"ഏകമേവ തു ശൂദ്രസ്യ പ്രഭുഃ കർമ്മ സമാദിശത്
ഏതേഷാമേവ വർണാനാം ശുശ്രൂഷാം അനസൂയയാ".

പ്രഭു / ഈശ്വരൻ ശൂദ്രനായിക്കൊണ്ട് ഒരു കർമ്മം മാത്രം ഉപദേശിക്കുന്നു.

"ഏതേഷാമേവ വർണാനാം ശുശ്രൂഷാമനസൂയയാ" –

ഈ മൂന്ന് വർണികളുടെ ശുശ്രൂഷ – അസൂയ കൂടാതെയുള്ള ശുശ്രൂഷ – ഇതു മാത്രമാണ് ശൂദ്രന്റെ കർമ്മം, ഇതാണ് ശൂദ്രന്റെ ലക്ഷണം. മറ്റുള്ളവരുടെ സമൃദ്ധിയും ഐശ്വര്യവും കാണുമ്പോൾ നമുക്ക് അസൂയ ഉണ്ടാകും. “അനസൂയയാ’ – അസൂയ കൂടാതെ ശുശ്രൂഷിക്കാൻ സാധിക്കണം.മറ്റുമൂന്നുവർണികളുംപറയുന്നതനുസരിച്ച്, അസൂയ കൂടാതെ, അവർക്കു വേണ്ടതൊരുക്കി ക്കൊടുക്കാൻ പറ്റുന്നവനാകണം ശൂദ്രൻ.

ഈ നാലു വർണവും നമുക്ക് വേണ്ടതാണ്. ഇവർ നാലു പേരും ഒത്തു കൂടുമ്പോൾ മാത്രമേ ഈ പ്രപഞ്ചത്തിന്റെ ഗതി സുഗമമാകൂ എന്നതുറപ്പാണ്. ഇതിൽ മുഖ്യമായി ബ്രാഹ്മണ്യത്തെ പറഞ്ഞത്, ഈശ്വരപൂജയും യജ്ഞവും പോലുള്ള കർമങ്ങൾ മാത്രമേ ഈ പ്രാപഞ്ചികജീവിതത്തിൽ നിന്നും സംസാരിക ജീവിതത്തിൽ നിന്നും മറുപുറത്തെത്താൻ നമ്മെ സഹായിക്കൂ എന്നതുകൊണ്ടാണ്. ഇവ മുഖ്യമായി കാണപ്പെട്ടു എന്നത് കൊണ്ടാണ് ബ്രാഹ്മണൻ മുഖമാണ് എന്നു പുരുഷസൂക്തം പറയുന്നത്.

നമ്മുടെ ആചാരങ്ങൾക്ക് സ്മൃതികൾ നൽകുന്ന ഒരു ശാസ്ത്രീയ അടിത്തറ ഉണ്ട്. ഈ സ്മൃതികളുടെ ആധാരം ശ്രുതി/വേദങ്ങളാണ്. ഇത്തരം സ്മൃതികൾ ഉണ്ടെന്നും, ഇവ അന്ധവിശ്വാസവും, അനാചാരവുമല്ല, ശ്രദ്ധയോടെ ചെയ്യേണ്ട സദാചാരമാണ് എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. നാമെല്ലാം അറിഞ്ഞിരിക്കേണ്ടതും ആചരിക്കേണ്ടതുമായ, ഗർഭാധാനം മുതൽ അന്ത്യേഷ്ടി വരെയുള്ള ഷോഡശ(16) സംസ്കാരങ്ങളെക്കുറിച്ച് അടുത്ത ലക്കങ്ങളിൽ പരിചയപ്പെടുത്താം..

(തുടരും)

---

## ഭഗവദ്ഗീത എന്തിന്?




ഭഗവദ്ഗീതയ്ക്ക് എങ്ങനെ യുവമനസ്സുകളെ ശുചീകരിക്കാനും ശുദ്ധീകരിക്കാനും കഴിയും?

ഭാരതത്തിന്റെ ആത്മീയ ജ്ഞാനത്തിലെ രത്നമെന്ന നിലയിൽ ഭഗവദ്ഗീത സാർവത്രികമായി പ്രസിദ്ധമാണ്. ഈശ്വരന്റെ പരമോന്നത വ്യക്തിപ്രഭാവമായ ഭഗവാൻ കൃഷ്ണൻ തന്റെ അടുത്ത ശിഷ്യനായ അർജ്ജുനന് ഉപദേശിച്ചത് ആത്മസാക്ഷാത്കാര ശാസ്ത്രത്തിന് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുന്ന ഗീതയുടെ എഴുന്നൂറ് സംക്ഷിപ്ത ശ്ലോകങ്ങളാണ്. മറ്റൊരു തത്ത്വശാസ്ത്രപരമോ മതപരമോ ആയ ഒരു കൃതിയും അന്തർബോധത്തിന്റെ സ്വഭാവം, ജീവാത്മാവ്, പരമാത്മാവ്, പ്രപഞ്ചം, എന്നിവയെ ഇത്ര വ്യക്തവും അഗാധവുമായ രീതിയിൽ വെളിപ്പെടുത്തുന്നില്ല.

ISKON (ഇന്റർനാഷണൽ സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നെസ്) എന്ന കൃഷ്ണഭാവനാമൃത ആത്മീയ പ്രസ്ഥാനം ഓരോ മനുഷ്യനും ജീവിതത്തിന്റെ യഥാർത്ഥ തത്വശാസ്ത്രവും സാക്ഷാത്കാരത്തിലേക്കുള്ള പാതയും മനസ്സിലാക്കാൻ ലോകമെമ്പാടുമുള്ള കൃഷ്ണ പ്രസ്ഥാനത്തെ നയിക്കുന്നു. ഒരിക്കൽ ഇസ്കോണിലെ ഒരു പ്രശസ്ത ആത്മീയ പ്രഭാഷകനായ സ്വാമിജിയോട് ഭാരതത്തിലെ യുവജനങ്ങളോടുള്ള അദ്ദേഹത്തിന്റെ പ്രഭാഷണത്തിനിടെ മോഡറേറ്റർ ചോദിച്ചു.

"സ്വാമിജി, എന്തുകൊണ്ടാണ് ഇസ്കോൺ പോലുള്ള ആത്മീയ പ്രസ്ഥാനങ്ങൾ യുവാക്കളെ ഭഗവദ്ഗീത വായിക്കാൻ നിർബന്ധിക്കുന്നത്? എന്തിനാണ് ഈ നിർബന്ധം? എന്തുകൊണ്ടാണ് യുവാക്കൾ ഭഗവദ്ഗീത സ്വീകരിക്കുകയും വായിക്കുകയും ചെയ്യേണ്ടത്? ഈ ആത്മീയ ഗ്രന്ഥം നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയോ നിയമമോ അല്ല, പിന്നെ എന്തിനാണ് സമൂഹത്തിലെ യുവമനസ്സുകളെ മസ്തിഷ്ക പ്രക്ഷാളനം/ ബ്രെയിൻ വാഷ് ചെയ്യുന്നത്?"

സ്വാമിജി മറുപടി പറഞ്ഞു: "അതെ ഇത് ഇന്ത്യയിലെ യുവാക്കളെ മസ്തിഷ്ക പ്രക്ഷാളനം ചെയ്യാനുള്ള ശ്രമം തന്നെയാണ്. ദൂഷിപ്പിക്കപ്പെട്ടിരിക്കുന്ന യുവമനസ്സുകൾ അശുദ്ധമാണ്, അതിന് ശുദ്ധമായ കഴുകി വൃത്തിയാക്കൽ ആവശ്യമാണ്. ഞങ്ങൾ യുവമനസ്സുകളെ ശുചീകരിക്കാനും, ശുദ്ധീകരിക്കാനും സ്വയം നിയോഗിക്കപ്പെട്ട അലക്കുകാരാണ്, കൂലി വാങ്ങാതെ. വിനയപൂർവം ഞങ്ങൾ ഈ ഉത്തരവാദിത്വം സ്വീകരിക്കുന്നു. ഗുണഭോക്താവിന് യാതൊരു വിലയും നൽകേണ്ടിവരാത്ത ഒരു ആത്മീയ സേവനമാണിത്.

സ്വാമിജി തുടരുന്നു: എന്തുകൊണ്ടാണ് ഭഗവദ് ഗീത നന്നായി വായിക്കേണ്ടത് എന്നതിന് നിരവധി കാരണങ്ങളുണ്ട്, ഇത് വായനക്കാരനെ മികച്ച വ്യക്തിയായും, സംസ്കരിക്ക രിക്കപ്പെട്ട, ആത്മ ബോധം നേടിയ ആത്മാവായും മാറാൻ സഹായിക്കുന്നു. "അതി പ്രഭാവമുള്ള ആളുകളുടെ ഏഴ് ശീലങ്ങൾ" (The Seven Habits of highly effective people) എന്ന പുസ്തകത്തിന്റെ രചയിതാവ് 'സ്റ്റീഫൻ കോവി' താൻ ഭഗവദ്ഗീത വായിച്ചിട്ടുണ്ടെന്നും അതിലെ ഉപദേശങ്ങൾ

തന്നെ വളരെയധികം സ്വാധീനിച്ചുവെന്നും തുറന്ന് സമ്മതിച്ചിട്ടുണ്ട്. അങ്ങനെ അദ്ദേഹത്തിന് ജ്ഞാനോദയമുണ്ടായി. ISKON–ൽ നിന്നുള്ള പ്രചോദന ഭാഷകനായ വിവേക് ബിന്ദ്ര, അഭിമാനത്തോടെ “ഞാൻ ഭഗവദ് ഗീതയിൽ നിന്ന് പഠിക്കുകയും അത് പ്രസംഗത്തിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നു, ആ സമർപ്പണം കൊണ്ട് എനിക്ക് അംഗീകാരം ലഭിക്കുന്നു. എന്നാൽ യഥാർത്ഥ അംഗീകാരം കിട്ടേണ്ടത് ഭഗവദ് ഗീതയ്ക്കാണ്, ഞാൻ ഒരു ‘മോഷ്ടാവ്’ മാത്രമാണ്”– എന്നാണ് അഭിമാനത്തോടെ പറയുന്നത്

മിക്കവർക്കും തങ്ങളുടെ മുന്നിലെ മുഖ്യദുഷ്ടകഥാപാത്രം സ്വന്തം മനസ്സാണ്. നമ്മുടെ മനസ്സിനെ നിയന്ത്രിച്ചാൽ നമ്മൾ വിജയിക്കും. ഭഗവദ് ഗീതയ്ക്ക് മാത്രമേ ഈ അത്ഭുതം നമുക്കായി ചെയ്യാൻ കഴിയൂ. ഭഗവദ് ഗീതയിലെ പതിനേഴാം അധ്യായത്തിൽ നാം എന്ത് കഴിക്കണം, സാത്വിക ഭക്ഷണം, എത്രമാത്രം കഴിക്കാം, എപ്പോൾ കഴിക്കണം, ആരോഗ്യകരമായ ഭക്ഷണം, പഴങ്ങൾ, പച്ചക്കറികൾ, താമസിക – രാജസിക ഭക്ഷണം, എന്നിവ എന്താണെന്ന് മനസ്സിലാക്കാൻ സഹായിക്കുന്നു. എപ്പോൾ, എത്രമാത്രം ഉറങ്ങണം, ഈശ്വരനുമായി എങ്ങനെ ബന്ധപ്പെടാം, ഇതെല്ലാം ഭഗവദ്ഗീതയിലെ അനുശാസനങ്ങളുടെ ഭാഗമാണ്.

അഗ്നിജ്വാലകൾ അഗ്നിയുടെ സമീപമാണെങ്കിൽ അവ തിളങ്ങുന്നു, അഗ്നിയിൽ നിന്ന് അകന്നാൽ അവ മങ്ങുന്നു, അതുപോലെ ദൈവത്തോട് അടുക്കുമ്പോൾ നമുക്ക് തേജസ് ഉണ്ടാകും, ദൈവത്തിൽ നിന്ന് അകന്നാൽ നശിക്കും. നാം ഭഗവദ്ഗീത സ്വീകരിച്ചാൽ തേജസ്വിയും ഭഗവദ്ഗീതയിൽ നിന്ന് അകന്നുപോയാൽ മഹത്വമില്ലാത്തവനും ആകും, ഈ അവസ്ഥ അപൂർണ്ണമാണ്.

ഇന്നത്തെ യുവജനങ്ങൾ ഭഗവദ്ഗീതയെ അവഗണിക്കുകയാണെങ്കിൽ അതിന്റെ ഫലം അശുഭകരമാണ്. ഭാരതത്തിൽ വിവാഹമോചന നിരക്ക് 14% ആണ്, അതായത് ലോകത്തിലെ ഏറ്റവും ഉയർന്നത്. റീഡേഴ്സ് ഡൈജസ്റ്റ് മാഗസിൻ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം 2025 ഓടെ മറ്റേതൊരു രാജ്യത്തേക്കാളും ഏറ്റവും കൂടുതൽ യുവാക്കളുടെ ആത്മഹത്യാ നിരക്ക് ഉള്ള രാജ്യമായി ഭാരതം മാറും !? ഭഗവദ്ഗീത സ്വീകരിക്കാത്തതിന്റെ ദോഷങ്ങളാണിവ.

ഭഗവദ്ഗീത വായിക്കുന്നതോടെ ആളുകൾ നല്ല രീതിയിൽ മാറുന്നു. ഈ ഗീതാ അദ്ധ്യയനത്തിൽ നിന്നാണ് നേതൃത്വ സൂത്രങ്ങൾ പഠിക്കുന്നത്. എങ്ങനെ സംസാരിക്കണം, എങ്ങനെ ശരിയായ വാക്കുകൾ സംസാരിക്കണം, നല്ല വാക്കുകൾ, എല്ലാവർക്കും നല്ലത് മാത്രം നൽകുന്ന മധുരമുള്ള വാക്കുകൾ എന്നിവ ഇത് നമ്മെ പഠിപ്പിക്കുന്നു. മനസ്സ് പ്രക്ഷുബ്ധമാകുമ്പോൾപോലും എങ്ങനെ ശാന്തമായി സംസാരിക്കണം എന്നുതുടങ്ങി എല്ലാം ഭഗവദ്ഗീതയിൽ പഠിപ്പിക്കുന്നു.

നേതൃത്വ സൂത്രങ്ങൾ, വ്യക്തിബന്ധങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം, ജീവിതത്തിലെ ഈ നിഗൂഢതകളെല്ലാം

വായിക്കാനും മനസ്സിലാക്കാനുമുള്ള പൂർണമായ, വൺ സ്റ്റോപ്പ് മാനുവലാണ് ഭഗവദ്ഗീത. ഇന്നത്തെ ലോകത്ത് യുവാക്കൾ സമ്മർദ്ദത്തിലാകുമ്പോൾ എന്താണ് ചെയ്യുന്നത്? അവർ ടോളിവുഡ്, ബോളിവുഡ്, ഹോളിവുഡ് എന്നുവേണ്ട എല്ലാത്തരം സംഗീതവും ശ്രവിക്കുന്നു. എന്നാൽ യഥാർത്ഥ മനഃക്ലേശം കുറയ്ക്കുന്ന പ്രവർത്തി കൃഷ്ണതത്വം കേൾക്കുന്നതാണ്. അതെ, ഈ ഗാനം / ഗീതം പാടിയിരിക്കുന്നത് ഭഗവാൻ ശ്രീകൃഷ്ണൻ തന്നെയാണ്, പ്രബുദ്ധതയുടെയും സമാധാനത്തിന്റെയും ഗീതം. അതുകൊണ്ടാണ് ജ്ഞാനികൾ ഭഗവദ്ഗീത വായിക്കുന്നതും, ഭഗവദ്ഗീതയെക്കുറിച്ചുള്ള നിരവധി വ്യാഖ്യാനങ്ങളും, പ്രഭാഷണങ്ങളും, ഗാനങ്ങളും നാം കാണുന്നത്.

സ്വാമിജി ഉപസംഹരിക്കുന്നു: സമ്മർദരഹിതരായി, മനശ്ശാന്തിയോടെയിരിക്കാനും, മികച്ച രീതിയിൽ ചിന്തിക്കാനും, സ്വതന്ത്രവും ശ്രേഷ്ഠവുമായ ആശയങ്ങൾ ഉള്ളവരായിരിക്കാനും ഗുണമേന്മയുള്ള ജീവിതം നയിക്കാനും ഭഗവദ്ഗീത വായന, പഠനം നമ്മെ സഹായിക്കുന്നു. ബുദ്ധിജീവികൾ, പ്രബുദ്ധരായ ആത്മാക്കൾ, രചയിതാക്കൾ, ഇവരെല്ലാം ഭഗവത് ഗീതാ പഠനത്തിന്റെ ആവശ്യകത ഉറപ്പിച്ചു പറയുന്നു. കൂടാതെ ഭഗവാൻ ശ്രീകൃഷ്ണൻ കാണിച്ചുതരുന്ന ജീവിതരീതിയും സ്വീകരിക്കേണ്ടത് അനിവാര്യമാണ്."

———————————————————

## നമ്മുടെ പൈതൃകം -

### ഹോയ്സാലേശ്വര ക്ഷേത്രം, കർണാടക



ഹോയ്സാലേശ്വര ക്ഷേത്രം (ഇത് ഹലേബിഡു ക്ഷേത്രം എന്നും അറിയപ്പെടുന്നു) ഭഗവാൻ പരമശിവന് സമർപ്പിച്ചിരിക്കുന്ന പന്ത്രണ്ടാം നൂറ്റാണ്ടിലെ ഒരു ഹിന്ദു ക്ഷേത്രമാണ്. ബെംഗളൂരുവിൽ നിന്ന് 210 കിലോമീറ്റർ അകലെ കർണാടകയിലെ ഹാസൻ ജില്ലയിലെ ഹലേബിഡുവിലെ ഏറ്റവും വലിയ സ്മാരകമാണിത്. ഹൊയ്സാല സാമ്രാജ്യത്തിലെ രാജാവായ വിഷ്ണുവർദ്ധനന്റെ കാലത്ത് പണിത ഒരു വലിയ മനുഷ്യനിർമ്മിത തടാകത്തിന്റെ തീരത്താണ് ഈ ക്ഷേത്രം നിർമ്മിച്ചത്.

പത്താം നൂറ്റാണ്ടിനും പതിനാലാം നൂറ്റാണ്ടിനും ഇടയിൽ ഇന്നത്തെ കർണാടകയുടെ ഭൂരിഭാഗവും ഭരിച്ചിരുന്ന ഒരു കന്നഡിഗ ശക്തിയായിരുന്നു ഹോയ്സാല സാമ്രാജ്യം. ഹോയ്സാലരുടെ

തലസ്ഥാനം ആദ്യം ബേലൂരിലായിരുന്നുവെങ്കിലും പിന്നീട് ഹലേബിഡുവിലേക്ക് മാറ്റി. പതിമൂന്നാം നൂറ്റാണ്ടോടെ അവർ കർണാടകയുടെ ഭൂരിഭാഗവും, തമിഴ്‌നാടിന്റെ ചെറിയ ഭാഗങ്ങളും, ഡെക്കാൻ പീഠഭൂമിയിലെ പടിഞ്ഞാറൻ ആന്ധ്രാപ്രദേശ്, തെലങ്കാന എന്നിവയുടെ ചില ഭാഗങ്ങളും ഭരിച്ചു. ദക്ഷിണേന്ത്യൻ കല, വാസ്തുവിദ്യ, മതം എന്നിവയുടെ വികാസത്തിലെ സുപ്രധാന കാലഘട്ടമായിരുന്നു ഹോയ്സാല യുഗം. ഹോയ്സാല വാസ്തുവിദ്യയുടെ പേരിലാണ് ഈ സാമ്രാജ്യം ഇന്ന് ഓർമ്മിക്കപ്പെടുന്നത്. അതിൽ അവശേഷിക്കുന്ന 100 ക്ഷേത്രങ്ങൾ കർണാടകത്തിലുടനീളം ചിതറിക്കിടക്കുന്നു.

ഹോയ്സാലേശ്വര ക്ഷേത്രം ഒരു ശൈവ പാരമ്പര്യ സ്മാരകമാണ്, എന്നിട്ടും ഹിന്ദുമതത്തിലെ വൈഷ്ണവം, ശാക്തേയ മതം എന്നിവയിൽ നിന്നുള്ള നിരവധി പ്രമേയങ്ങളും ജൈനമതത്തിൽ നിന്നുള്ള ചിത്രങ്ങളും ഭക്തിപൂർവ്വം ഉൾക്കൊള്ളുന്നു. ഹോയ്സാലേശ്വര, ശാന്തലേശ്വര ശിവലിംഗങ്ങൾ ക്കായി സമർപ്പിച്ചിരിക്കുന്ന ഇരട്ട-ക്ഷേത്രമാണിത്, "ഹോയ്സാലേശ്വര" (രാജാവ്), മറ്റൊന്ന് "ശാന്തലേശ്വര" (രാജ്ഞി, ശാന്തളാ ദേവി) എന്നിവരെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ഇതിന് പുറത്ത് രണ്ട് 'നന്ദി' ക്ഷേത്രങ്ങളുണ്ട്, അവിടെ ഇരിക്കുന്ന ഓരോ നന്ദിയും അതാത് ശിവലിംഗത്തെ അഭിമുഖീകരിച്ചി രിക്കുന്നു. സൂര്യദേവന്റെ ഒരു ചെറിയ ശ്രീകോവിലും ഈ ക്ഷേത്രത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഒരു കാലത്ത് ക്ഷേത്രത്തിന്റെ മുകൾവശത്തു വലിയ ഗോപുരങ്ങൾ ഉണ്ടായിരുന്നു, എന്നാൽ ഇപ്പോൾ കാണപ്പെടുന്ന ക്ഷേത്രം പരന്നതാണ്. പ്രധാന ക്ഷേത്രങ്ങളും നന്ദി ക്ഷേത്രങ്ങളും ചതുരാകൃതിയിലുള്ള മാതൃകയിലാണ് നിർമ്മിച്ചിരിക്കുന്നത്. സോപ്പ് സ്റ്റോണിൽ (മാക്കല്ല്) കൊത്തിയെടുത്തതാണ് ക്ഷേത്രം. ശിൽപങ്ങൾ, ഉപരി തലത്തിൽ നിന്നും പൊന്തിനിൽക്കുന്ന സങ്കീർണ്ണമായ കൊത്തുപണികൾ, വിശദമായ കതകുകളുടെ അ ഗ്രങ്ങളിലെ തുണിടചിത്രങ്ങൾ, ചരിത്രം, വിഗ്രഹപഠനം, ഉത്തരേന്ത്യൻ, ദക്ഷിണേ ന്ത്യൻ ലിപികളിലെ ലിഖിതങ്ങൾ എന്നിവയാൽ ഇത് ശ്രദ്ധേയമാണ്. 12-ാം നൂറ്റാണ്ടിലെ ദക്ഷിണേന്ത്യയിലെ ജീവിതത്തിലേക്കും സംസ്കാരത്തിലേക്കും ഈ ക്ഷേത്ര കലാസൃഷ്ടികൾ ഒരു ചിത്രജാലകം പ്രദാനം ചെയ്യുന്നു. ഏകദേശം 340 വലിയ തുണിടചിത്രങ്ങൾ ഹിന്ദു ദൈവശാസ്ത്രത്തെയും അനുബന്ധ ഐതിഹ്യങ്ങളെയും ചിത്രീകരിക്കുന്നു. നിരവധി ചെറിയ തുണിടചിത്രങ്ങൾ രാമായണം, മഹാഭാരതം, ഭാഗവത പുരാണം തുടങ്ങിയ ഹിന്ദു ഗ്രന്ഥങ്ങൾ വിവരിക്കുന്നു. വലിയ തുണിട ചിത്രങ്ങൾക്ക് താഴെയുള്ള ചില ചിത്രങ്ങൾ അതിന്റെ ആഖ്യാന സംഭവകഥകൾ ചിത്രീകരിക്കുന്നു.

ഹോയ്സാല സാമ്രാജ്യവും അതിന്റെ തലസ്ഥാനമായ ദോരസമുദ്രയും 14–ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അലാവുദ്ദീൻ ഖിൽജിയുടെ ഡൽഹി സുൽത്താനേറ്റ് സൈന്യം ആക്രമിക്കുകയും കൊള്ളയടിക്കുകയും നശിപ്പിക്കുകയും ചെയ്തു. അതേപോലെ CE 1326-ൽ ബേലൂരും, ഹലേബീഡും സുൽത്താൻ മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ മറ്റൊരു ഡൽഹി സുൽത്താനേറ്റ് സൈന്യത്തിന്റെ കൊള്ളയുടെയും നശീകരണത്തിന്റെയും ലക്ഷ്യമായി മാറി. ഈ പ്രദേശം പിന്നീട് വിജയനഗര സാമ്രാജ്യം ഏറ്റെടുത്തു. 14-ആം നൂറ്റാണ്ടിന്റെ മധ്യത്തിൽ മധുര സുൽത്താനേറ്റിലെ മുസ്ലീം സൈന്യവുമായുള്ള യുദ്ധത്തിൽ ബല്ലാല മൂന്നാമൻ രാജാവ് കൊല്ലപ്പെട്ടതോടെ ഹോയ്സാല സാമ്രാജ്യം അവസാനിച്ചു.

ദക്ഷിണേന്ത്യൻ ചരിത്രത്തിലെ ഹോയ്സാല കാലഘട്ടം ഏകദേശം CE 1000 –ൽ ആരംഭിച്ച് CE 1346 വരെ തുടർന്നു. ഇക്കാലയളവിൽ 958 കേന്ദ്രങ്ങളിലായി 1500 ഓളം ക്ഷേത്രങ്ങൾ അവർ നിർമ്മിച്ചു. ഹോയ്സാലേശ്വര ക്ഷേത്രത്തിലെ കലാസൃഷ്ടികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ക്ഷേത്രത്തിന്റെ ഏതാനും കിലോമീറ്ററുകൾക്കുള്ളിൽ ഹോയ്സാല വാസ്തുവിദ്യയുടെ നിരവധി അവശിഷ്ടങ്ങൾ കാണപ്പെടുന്നുണ്ട്. ഈ ക്ഷേത്രവും അടുത്തുള്ള ജൈന ബസദി സമുച്ചയവും കേദാരേശ്വര ക്ഷേത്രവും ബേലൂരിലെ കേശവ ക്ഷേത്രവും യുനെസ്കോയുടെ ലോക പൈതൃക ആസ്ഥാനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

---

## ഈശ്വരാർപ്പണമായി കർമ്മം ചെയ്യുക

പാണ്ഡവന്മാർ രാജ്യം നഷ്ടപ്പെട്ട് വനത്തിൽ കഴിയുന്ന കാലം. സഹോദരന്മാർ കൂടാരത്തിനുള്ളിൽ നല്ല ഉറക്കത്തിലാണ്. ഭീമസേനനാണ് കാവൽ. ഒരു ദിവസം ഒരു രാക്ഷസൻ അവിടെ പ്രത്യക്ഷപ്പെട്ടു. അയാൾ കൂടാരത്തിനു നേരെ വരുന്നതുകണ്ട് ക്രുദ്ധനായ ഭീമൻ രാക്ഷസനെ മുഷ്ടിചുരുട്ടി ആഞ്ഞിടിച്ചു. അദ്ഭുതമെന്നു പറയട്ടെ, പൊടുന്നനെ രാക്ഷസന്റെ വലുപ്പം ഇരട്ടിയായി. ശക്തിയും ഇരട്ടിച്ചു. ഭീമൻ ഓരോ തവണ ഇടിക്കുമ്പോഴും രാക്ഷസന്റെ വലുപ്പവും ശക്തിയും ഇരട്ടിച്ചുകൊണ്ടേയിരുന്നു.രാക്ഷസനെ കീഴ്പ്പെടുത്താൻ സാധിക്കില്ലെന്നു മനസ്സിലാക്കിയ ഭീമൻ കൂടാരത്തിൽ ചെന്ന് യുധിഷ്ഠിരനെ വിളിച്ചുണർത്തി. യുധിഷ്ഠിരൻ പുറത്തേക്കുവന്ന് രാക്ഷസനോടു പിന്മാറാൻ ആവശ്യപ്പെട്ടു. പക്ഷേ, രാക്ഷസൻ വീണ്ടും യുദ്ധത്തിനു തയ്യാറായി. യുധിഷ്ഠിരൻ ഭഗവാനെ മനസ്സിൽ ധ്യാനിച്ചു, ‘സർവ്വശക്തനായ ഭഗവാനേ, അവിടുത്തെ ശക്തി കൊണ്ട് എനിക്കീ രാക്ഷസനെ ജയിക്കാൻ

കഴിയേണമേ...' ഈ പ്രാർത്ഥനയോടെ അദ്ദേഹം രാക്ഷസനെ നേരിട്ടു. പൊടുന്നനെ രാക്ഷസന്റെ വലുപ്പം പകുതിയായി. യുധിഷ്ഠിരന്റെ ഓരോ ഇടിയേല്ക്കുമ്പോഴും രാക്ഷസന്റെ വലുപ്പവും ശക്തിയും കുറഞ്ഞു കുറഞ്ഞു വന്നു. ഒടുവിൽ രക്ഷയില്ലെന്നു കണ്ട രാക്ഷസൻ ഓടിമറഞ്ഞു.

ഈ കഥയിലെ രാക്ഷസൻ എല്ലാ മനുഷ്യരിലുമുള്ള അഹന്തയാണ്, അഹങ്കാരമാണ്. ഭീമസേനൻ ഞാനെന്ന ഭാവത്തോടെയാണു രാക്ഷസനെ നേരിട്ടത്. 'ഞാൻ' എന്ന ഭാവത്തോടെ കർമ്മം ചെയ്യുമ്പോൾ അഹങ്കാരം വർദ്ധിച്ചു വർദ്ധിച്ചു വരും. അതു നമ്മെക്കാൾ ശക്തിപ്രാപിക്കും. ഒടുവിൽ അതിന്റെ പിടിയിൽ നിന്നു രക്ഷപ്പെടാൻ കഴിയാതെ, അതിന്റെ അടിമയായി തീരും. അങ്ങനെ നാം ബന്ധനത്തിലും ദുഃഖത്തിലും അകപ്പെടുന്നു. എന്നാൽ വിവേകിയായ യുധിഷ്ഠിരൻ ഈശ്വരനിൽ സമർപ്പിച്ചാണ് കർമ്മം ചെയ്തത്. അതുകൊണ്ട് അഹങ്കാരമാകുന്ന രാക്ഷസന്റെ ശക്തി ക്ഷയിച്ചുവന്നു. അത്തരം മനസ്സിൽ ഈശ്വരന്റെ അനന്തശക്തി നിറയുന്നു. അങ്ങനെയുള്ള കർമ്മം നമ്മെ ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുന്നു.

കർണ്ണന്റെയും അർജ്ജുനന്റെയും ഉദാഹരണവും ഇതുതന്നെയാണ് കാണിക്കുന്നത്. വാസ്തവത്തിൽ അസ്ത്രവിദ്യയിൽ കർണൻ അർജ്ജുനനേക്കാൾ കേമനായിരുന്നു. എന്നാൽ, കർണൻ എപ്പോഴും അഹംഭാവത്തോടെയാണ് യുദ്ധംചെയ്തത്. അതിനാൽ എല്ലായിടത്തും പരാജയംതന്നെ സംഭവിച്ചു. എന്നാൽ അർജ്ജുനൻ ഭഗവാനിൽ എല്ലാം സമർപ്പിച്ചാണ് യുദ്ധംചെയ്തത്. അതിനാൽ എല്ലായിടത്തും വിജയിക്കാൻ കഴിഞ്ഞു. അഹന്തയില്ലാതെ കർമ്മം ചെയ്യുമ്പോൾ അവിടുത്തെ കൃപയ്ക്കു നമ്മൾ പാത്രമാകുന്നു.

സാധാരണയായി നമ്മൾ ഏതെങ്കിലും ആഗ്രഹ പൂർത്തിക്കായിട്ടാണ് കർമ്മം ചെയ്യാറുള്ളത്. നമ്മുടെ ശ്രമം ചിലപ്പോൾ പരാജയപ്പെടാം, ചിലപ്പോൾ വിജയിക്കാം. പരാജയപ്പെട്ടാൽ നമുക്കു ദുഃഖമായി. വിജയിച്ചാൽ വിജയം ആവർത്തിക്കാനുള്ള ആഗ്രഹം ബാക്കിയാകുന്നു. രണ്ടായാലും നമുക്കു സമാധാനമില്ല. എന്നാൽ ഈശ്വരനിൽ അർപ്പിച്ചുകൊണ്ട് അവിടുത്തെ കൈയിലെ ഒരു ഉപകരണം എന്ന നിലയിൽ കർമ്മം ചെയ്യുമ്പോൾ, വിജയിച്ചാലും പരാജയപ്പെട്ടാലും അത് നമ്മൾ അവിടുത്തെ പ്രസാദമായി സന്തോഷത്തോടെ സ്വീകരിക്കുന്നു. അതിനാൽ ജീവിതത്തിലെ ഒരു പ്രതിസന്ധിക്കും നമ്മെ തളർത്താനാകുന്നില്ല. മാത്രമല്ല, ക്രമേണ അഹന്തയെ പൂർണമായി ജയിച്ച്, നമ്മുടെ യഥാർത്ഥ സ്വരൂപമായ ആനന്ദം അനുഭവിക്കുവാൻ കഴിയുന്നു.

അഹങ്കാരത്തെ മറികടന്നാൽ പിന്നെ, 'ഞാൻ, നീ', 'എന്റേത്', 'നിന്റേത്' എന്ന വ്യത്യാസങ്ങളൊന്നുമില്ല. എല്ലാം ഒരേ ആത്മാവിന്റെ വിവിധ ഭാവങ്ങൾ. ഈ അവസ്ഥയിലെത്തിയവർ എല്ലാവരെയും എല്ലാത്തി

നെയും ഒരുപോലെ സ്വാഗതംചെയ്യുന്നു; സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു. അതെ, ഭഗവത്ഗീതയിൽ ശ്രീകൃഷ്ണൻ അർജ്ജുനനോട് പറയുന്നത് നമ്മോടു കൂടിയാണ്: "എല്ലാം ഭഗവാനിൽ സമർപ്പിച്ച്, അഹന്ത കളഞ്ഞ്, ഫലേച്ഛ കൂടാതെ സ്വന്തം കർമ്മം ചെയ്യുക.!"

—————————————————

## മന്ത്ര ശക്തി



**എങ്ങിനെയാണ് മന്ത്രങ്ങളുടെ ശക്തി നിങ്ങളുടെ ജീവിതത്തിൽ ഗുണപരമായ (പോസിറ്റീവ്) മാറ്റങ്ങൾ സൃഷ്ടിക്കുന്നത് ?**

നിങ്ങളുടെ ജീവിതത്തിലെ ചില ഘട്ടങ്ങളിൽ, നിങ്ങൾ 100% ശ്രമിച്ചിട്ടും വിജയിക്കാത്തത് എന്തു കൊണ്ടാണെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? ഉദാഹരണം:

1. ഞാൻ ഒരു ഇന്റർവ്യൂവിൽ പങ്കെടുത്തു, എന്റെ ഏറ്റവും മികച്ചത് നൽകിയെങ്കിലും ഫലം കിട്ടിയില്ല..
2. ഞാൻ വിവാഹത്തിനായി കാത്തിരിക്കുകയാണ്, പക്ഷേ ആലോചനകൾ ഒന്നും ശരിയാകുന്നില്ല.
3. ഞാൻ പഠനത്തിൽ വിജയിക്കാൻ ശ്രമിക്കുന്നു, പക്ഷേ ഉയർന്ന മാർക്ക് നേടാൻ എനിക്ക് കഴിയുന്നില്ല.
4. ഞാൻ ഒരു ബിസിനസ് കരാർ ഒപ്പിടാൻ ശ്രമിക്കുന്നു, പക്ഷേ അവസാന നിമിഷം അത് യാഥാർത്ഥ്യ മാകുന്നില്ല.

എന്തെങ്കിലും നേടാനുള്ള നമ്മുടെ കഴിവില്ലായ്മയെ നിർഭാഗ്യത്തിന്മേൽ ആരോപിക്കുന്നു, പൂർണ്ണമായ, ശരിയായ വിശകലനം കൂടാതെ നമ്മൾ അതേ ചാക്രിക പ്രക്രിയ വീണ്ടും ആവർത്തിക്കുന്നു. ചിലപ്പോൾ നമ്മൾ വിജയിച്ചേക്കാം, ചിലപ്പോൾ വീണ്ടും വീണ്ടും പരാജയപ്പെടാം. ലക്ഷ്യം നേടിയെടുക്കുന്നതിലുള്ള നമ്മുടെ കഴിവില്ലായ്മയെ, നമ്മുടെ ദൗർഭാഗ്യത്തിന്മേൽ ആരോപിക്കുകയും, ഭാഗ്യദേവതയുടെ അനുഗ്രഹ ത്തിനായി കാത്തിരിക്കുകയും ചെയ്യുന്നു.

വേദഭാഷയിൽ ഇതിനെ *അദൃഷ്ടം* അല്ലെങ്കിൽ "കാണാൻ കഴിയാത്ത ഒന്ന്" എന്ന് വിളിക്കുന്നു. അതിനാൽ ഒരു കർമ്മം വിജയിക്കുന്നതിന്, 'നിങ്ങൾ' പ്രവർത്തിക്കുന്ന ഒരു ഭാഗമുണ്ട്, തുടർന്ന് അതിൽ 'അദൃഷ്ടം' പ്രവർത്തിക്കുന്നു. പോസിറ്റീവായി ചിന്തിക്കുന്നത് തീർച്ചയായും നല്ലതാണ്, പക്ഷേ ഭാഗ്യമാക്കി മാറ്റാൻ നിങ്ങളുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടോ? ഇത് സാധ്യമാണോ? നിങ്ങൾ ചെയ്യുന്ന ഏതൊരു പ്രയത്നവും ദൈവഹിതത്താൽ പിന്തുണയ്ക്കപ്പെടണം.

4 വേദങ്ങളിലും, ‘ഭഗ’ എന്ന പേരിൽ ദേവതയെ സ്തുതിക്കുന്ന ഭാഗ്യദേവതാ മന്ത്രങ്ങൾ കാണാം. ഈ “ഭഗ” എന്ന വാക്കിൽ നിന്നാണ് ഭാഗ്യവാൻ അല്ലെങ്കിൽ ഭാഗ്യംഎന്നീവാക്കുകൾഉരുത്തിരിഞ്ഞത്. വേദസംഹിതയിൽ, നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിലും നിങ്ങൾക്ക് ഭാഗ്യം നൽകുന്നതിനായി ഈ ദേവതയെ അഭിസംബോധന ചെയ്യുന്ന പ്രാർത്ഥനകളുണ്ട്.

വേദമന്ത്രങ്ങളാൽ ഭാഗ്യദേവതയെയോ മറ്റേതെങ്കിലും ദേവതയെയോ സ്തുതിക്കുന്നതിലൂടെ എന്റെ അവസ്ഥ എങ്ങനെ മാറുമെന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകും!

ഓരോ ശബ്ദത്തിനും ഓരോ ഫലമുണ്ട്, ഒന്നുകിൽ ശ്രദ്ധയോ പ്രതികരണമോ ഉണ്ടാക്കുന്നു. അത് നമ്മൾ കേൾക്കുന്ന ശബ്ദത്തെ ആശ്രയിച്ചിരിക്കുന്നു. കരയുന്ന ഒരു കൊച്ചു കുഞ്ഞിന്റെ ഉദാഹരണം എടുക്കാം. കരയുമ്പോൾ കുട്ടി ഒന്നും പറയുന്നില്ലെങ്കിലും കുട്ടി കരയുന്നത് എന്തിനാണെന്ന് അമ്മ മനസ്സിലാക്കുന്നു. സ്വരവും ശബ്ദത്തിന്റെ രീതിയും തീവ്രതയും അനുസരിച്ച്, കുഞ്ഞിന്അമ്മയോട്അത്അടിയന്തിരമാണോഅല്ലയോ എന്ന് പറയാൻ കഴിയും, അങ്ങനെ അമ്മയിൽ ഉടനെ, പെട്ടെന്നുള്ള അല്ലെങ്കിൽ കാലതാമസമുള്ള പ്രതികരണം ഉണർത്തുന്നു. ഇവിടെ കുഞ്ഞ്,നമ്മെ സംബന്ധിച്ചിടത്തോളം, അർത്ഥശൂന്യമായ ഒരു ശബ്ദം പുറപ്പെടുവിക്കുന്നു, (വാക്കുകളില്ല, ഒരു ശബ്ദം മാത്രം), എന്നാൽ അത് അമ്മയിൽ ഒരു പ്രഭാവം ഉണ്ടാക്കുന്നു, അത് അവരെ ഒരു പ്രവർത്തനത്തിന് പ്രേരിപ്പിക്കുന്നു. മുതിർന്നവരെ സംബന്ധിച്ചിടത്തോളം, ശബ്ദത്തിലൂടെ നമ്മളും ചില പ്രവർത്തനങ്ങളിലേക്ക് നീങ്ങുന്നു. ആരോ ഡോർബെൽ അടിക്കുന്നു, വാതിൽ തുറക്കുന്നതിനുള്ള പ്രവർത്തനത്തി ലേക്ക് നാം നീങ്ങുന്നു. ഫോൺ റിംഗ് ചെയ്യുന്നു, നിങ്ങൾ ഫോൺ എടുത്ത് സംസാരിക്കുന്നു. റിംഗ്ടോണിലൂടെ നിങ്ങളെ ഒരു പ്രവർത്തനത്തിലേക്ക് പ്രേരിപ്പിക്കുന്നു. അതായത്, ശബ്ദം ഒരു വ്യക്തിയെ പ്രവർത്തനത്തിലേക്ക് പ്രേരിപ്പിക്കുന്നു. സംസാരിക്കാൻ കഴിയാത്ത ആളുകളുടെ കാര്യമെന്താണെന്ന് നിങ്ങൾ ചോദിച്ചേക്കാം, അവർ ശബ്ദമില്ലാത്ത, ചില പ്രവർത്തനങ്ങളിലൂടെ മാത്രമേ ആശയവിനിമയം നടത്തുന്നുള്ളൂ.

ഇനി നമുക്ക് ഇവയെ ഒരു പൂജയിലോ ഹോമത്തിലോ പരസ്പരം ബന്ധപ്പെടുത്തി നോക്കാം. നാം വാചികമായി മന്ത്രങ്ങൾ ജപിക്കുകയും കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്ന (അഗ്നിയിൽ നെയ്യ്, ഹവിസ്സ് അർപ്പിക്കൽ മുതലായവ). അതായത്ദേവതകളോട് നാം രണ്ട് വഴികളിലും ആശയവിനിമയം നടത്തുന്നു. മന്ത്രങ്ങളൊന്നും പറയാതെ കർമ്മം മാത്രം ചെയ്യേണ്ട ചില പ്രത്യേക ഭാഗങ്ങൾ ചില ആചാരങ്ങളിൽ ഉണ്ട്. അങ്ങനെ ഉചിതമായ വേദമന്ത്രങ്ങൾ ജപിച്ചും ആവശ്യമുള്ളിടത്ത് ഉചിതമായ കർമ്മങ്ങൾ ചെയ്തും നമുക്ക് ആവശ്യമുള്ള കാര്യങ്ങൾ ദേവതകളിലേക്ക് എത്തിക്കാൻ നമുക്ക് കഴിയും. ശബ്ദം എന്നാൽ ശബ്ദ ബ്രഹ്മം, അതായത് പ്രപഞ്ച സ്പന്ദനം.

അതുപോലെ വേദമന്ത്രങ്ങളുടെ ഉച്ചാരണവും, ആവൃത്തിയും, സ്വരവും, അതിന്റെ രീതിയും തീവ്രതയും നമ്മുടെ വൈദിക ഋഷിമാർ കൃത്യമായി സംരക്ഷിക്കുകയും ഗുരു ശിഷ്യ പരമ്പരയിലൂടെ, തലമുറകളിലൂടെ നമുക്ക് പകർന്നു നൽകുകയും ചെയ്തിട്ടുണ്ട്, അതിന് 'ഭഗവാനെ' മാത്രമല്ല, മന്ത്രം അഭിസംബോധന ചെയ്യുന്ന മറ്റേതെങ്കിലും ദേവതകളെയും പ്രീതിപ്പെടുത്താനുള്ള ശക്തിയുണ്ട്. മാത്രമല്ല അതിന് നിങ്ങളുടെ പരിസ്ഥിതി യെയും നിങ്ങൾക്ക് അനുകൂലമാക്കുവാൻ സാധിക്കും.

ദേവതകളുടെ ഭാഷയായ ദേവവാണിയിലാണ് വേദമന്ത്രങ്ങൾ. ശ്രദ്ധ, ഭക്തി, മന്ത്രങ്ങൾ ജപിക്കുന്ന / ചൊല്ലുന്ന ശരിയായ നടപടിക്രമം എന്നിവയെല്ലാം പരിസ്ഥിതിയെ ബാധിക്കുകയും കാര്യങ്ങൾ നമുക്ക് അനുകൂലമാക്കുകയും ചെയ്യുന്നു. നിർഭാഗ്യവശാൽ കലിയുഗത്തിൽ നമുക്ക് പണവും അധികാരവുമുണ്ട്, നമുക്ക് വേണ്ടി ചില കാര്യങ്ങൾ ചെയ്യാൻ വേറെ ആളുകളെ നിയമിക്കാം. എന്നാൽ നിങ്ങൾ അത് സ്വയം ചെയ്യാൻ തയ്യാറാണോ ? (ശ്രദ്ധ ആവശ്യമുള്ള കുഞ്ഞിനെ പോലെയാണ് നിങ്ങൾ). താങ്കൾക്ക് നമ്മുടെ ശാസ്ത്രങ്ങളിൽ പൂർണ വിശ്വാസമുണ്ടോ? നിങ്ങളുടെ പരിശ്രമത്തിൽ നിങ്ങളെ പിന്തുണയ്ക്കുന്ന നിങ്ങളുടെ നിത്യകർമ്മങ്ങൾ പഠിക്കാൻ നിങ്ങൾ തയ്യാറാണോ? നിങ്ങളുടെ ബോധം പരമാത്മാബോധവുമായി ബന്ധപ്പെടുന്നുണ്ടോ?

പുരാതന ഇന്ത്യയിൽ, വേദങ്ങളിൽ പരാമർശിച്ചിരിക്കുന്ന ആചാരങ്ങൾ അനുഷ്ഠിക്കുന്നതിലൂടെ മനുഷ്യന്റെ എല്ലാ ആഗ്രഹങ്ങളും നേടിയെടുക്കാൻ കഴിയുമായിരുന്നു. 'കരീര ഇഷ്ടി' എന്ന പേരിൽ ഒരു യജ്ഞം നടത്തിയാൽ എങ്ങനെ മഴ പെയ്യുമെന്നതിന് നിയമങ്ങളുണ്ട്, രേഖകളുണ്ട്.

കുറുക്കുവഴികളില്ലാതെ, ശരിയായ രീതിയിൽ ഈ ഇഷ്ടി (യജ്ഞം) നടത്തിയാൽ തീർച്ചയായും മഴപെയ്യുക തന്നെ ചെയ്യും.

50% (പകുതി) എന്നത് ലക്ഷ്യം നേടുന്നതിനുള്ള നമ്മുടെ ശ്രമമാണ്, എന്നാൽ നിർഭാഗ്യമെന്ന് നാം പറയുന്ന മറ്റേ 50% (പകുതി), നമ്മുടെ ഉന്നതമായ ജീവിതത്തിനായി നമ്മുടെ ഋഷിമാർ രേഖപ്പെടുത്തിയ കാര്യങ്ങളിൽ നാം പൂർണ്ണമായി വിശ്വസിക്കുകയാണെങ്കിൽ, നമുക്ക്അനുകൂലമായ അന്തരീക്ഷത്തിലേക്ക്പരിവർത്തനം ചെയ്യാൻ നമുക്ക് കഴിയും!

(കടപ്പാട് – വേദഘോഷം – vedaghosham@gmail.com)

---------------------------------------

## സുഭാഷിതം – 35

മാതാ ശത്രുഃ പിതാ വൈരീ
യാഭ്യാൻ ബാല ന പാഠിതാഃ /
സഭാമധ്യേ ന ശോഭന്തേ
ഹംസമധ്യേ ബകോ യഥാ //

(ചാണക്യ നിതി)

माता शत्रुः पिता वैरी
याभ्यां बाला न पाठिताः ।
सभामध्ये न शोभन्ते
हंसमध्ये बको यथा ॥

(चाण्क्य नीति)

**അർത്ഥം:** കുട്ടികളെ പഠിപ്പിക്കാത്ത മാതാപിതാക്കൾ അവരുടെ ശത്രുക്കളാണ്; എന്തെന്നാൽ, ഹംസങ്ങളിൽ കൊക്ക് എന്ന പോലെ, അറിവില്ലാത്തവർ പൊതുജന മധ്യത്തിൽ അജ്ഞരായിത്തന്നെ നിലനിൽക്കും.

---------------------------------------------

## ഭഗവത് ഗീത - ഒന്നാം ആധ്യായം -

### അർജ്ജുനവിഷാദയോഗം - (ശ്ലോകം : 36-40)



**ശ്ലോകം - 36**

നിഹത്യ ധാർത്തരാഷ്ട്രാൻ നാഃ
കാ പ്രീതിഃ സ്യാജ്ജനാർദ്ദന!
പാപമേവാശ്രയേദസ്മാൻ
ഹത്വൈതാനാതതായിനഃ

ഹേ, ജനാർദ്ദന ദുര്യോധനാദികളെ കൊന്നിട്ട് ഞങ്ങൾക്ക് എന്തൊരു സന്തോഷം ഉണ്ടാകും. കൊല്ലാൻ വന്നവരാണെങ്കിലും ഇവരെ കൊന്നിട്ട് ഞങ്ങളെ പാപം തന്നെ ആശ്രയിക്കും (പിടികൂടും).

**ശ്ലോകം - 37**

തസ്മാന്നാർഹാ വയം ഹന്തും
ധാർതരാഷ്ട്രാൻ സ്വബാന്ധവാൻ
സ്വജനം ഹി കഥം ഹത്വാ
സുഖിനഃ സ്യാമ മാധവ

അതുകൊണ്ട് നമ്മൾ സ്വന്തം ബന്ധുക്കളായ ധൃതരാഷ്ട്ര പുത്രന്മാരെ കൊല്ലാൻ പാടില്ലാത്തതാണ്. മാധവാ! സ്വജനങ്ങളെകൊന്നിട്ട്നാംഎങ്ങിനെസുഖികളായിതീരും?

**ശ്ലോകം - 38,39**

യദ്യപ്യേതേ ന പശ്യന്തി
ലോഭോപഹതചേതസഃ
കുലക്ഷയകൃതം ദോഷം
മിത്രദ്രോഹേ ച പാതകം //
കഥം ന ജ്ഞേയമസ്മാഭിഃ
പാപാദസ്മാന്നിവർത്തിതും
കുലക്ഷയകൃതം ദോഷം
പ്രപശ്യത്ഭിർ ജനാർദ്ദന //

അല്ലയോ കൃഷ്ണാ, ലോഭം കൊണ്ട് ദുഷിച്ച മനസ്സുള്ളവരായ ഇവർ വംശനാശം കൊണ്ട് ഉണ്ടാകുന്ന ദോഷത്തേയും മിത്രദ്രോഹത്തിലുള്ള പാപത്തേയും കാണുന്നില്ല. എങ്കിലും കുലനാശം കൊണ്ടുണ്ടാകുന്ന ദോഷത്തെ നല്ല വണ്ണം കാണുന്ന ഞങ്ങൾ ഈ പാപത്തിൽ നിന്നും പിന്തിരിയണമെന്ന് മനസ്സിലാക്കേണ്ടതല്ലേ?

**ശ്ലോകം – 40**

**കുലക്ഷയേ പ്രണശ്യന്തി**
**കുലധർമ്മാഃ സനാതനാഃ**
**ധർമ്മേ നഷ്ടേ കുലം കൃത്സ്നം**
**അധർമ്മോഭിഭവത്യുത.**

കുലനാശത്തിൽ നിത്യങ്ങളായ കുലധർമ്മങ്ങൾ നശിക്കുന്നു ധർമ്മം നശിച്ചാൽ കുലത്തെ മുഴുവനും അധർമ്മം ബാധിക്കും.

(തുടരും)

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 20

(കുറിപ്പ്: സനാതന ധർമ്മം സംബന്ധിച്ചും, കൂട്ടതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം "9447211722" എന്ന നമ്പറിലേക്ക വാട്സാപ്പ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പവാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. എന്തുകൊണ്ടാണ് ഇന്ദ്രനെ ശതക്രതു എന്ന് വിളിക്കുന്നത്?
2. ബ്രിട്ടീഷ് ഭരണത്തിനെതിരെ 1908 ഓഗസ്റ്റ് 11–ന് വധിക്കപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ സ്വാതന്ത്ര്യസമര രക്തസാക്ഷി?
3. നമ്മുടെ ദേശീയ പതാകയിലെ അശോകചക്രത്തിലെ 24 അഴികൾ (spokes) എന്താണ് അർത്ഥമാക്കുന്നത്?
4. വിശ്വാമിത്രൻ ഏത് രാജ്യത്തെ രാജാവായിരുന്നു?
5. ഗംഗയും യമുനയും കൂടാതെ പ്രയാഗിലെ ത്രിവേണി സംഗമത്തിലെ മൂന്നാമത്തെ നദി ഏതാണ്?
6. ശകുന്തളയെ ശപിച്ചത് ആരാണ്?
7. ലങ്കയിൽ തടവിലായിരുന്ന ശനിദേവനെ മോചിപ്പിച്ചതാര്?
8. അശ്വത്ഥാമാവ് പ്രയോഗിച്ച ബ്രഹ്മാസ്ത്രത്തിൽ നിന്ന് പരീക്ഷിത്തിനെ രക്ഷിച്ചത് ആരാണ്?
9. മകരസംക്രമ നാളിൽ ശബരിമലയിൽ മകരജ്യോതി കാണുന്ന സ്ഥലത്തിന്റെ പേര്?
10. യുവരാജാ മണികണ്ഠൻ ആയോധനകല – കളരിപ്പയറ്റ് എവിടെ നിന്ന്, ആരിൽ നിന്നാണ് പഠിച്ചത്?

## ഉത്തരങ്ങൾ (AV 11 – ഹരിവരാസനം ക്വിസ് 19)

1. കുബേരന്റെ വിമാനം പുഷ്പകമായിരുന്നു.
2. കൈകേയിയെ പ്രേരിപ്പിച്ച ദാസിയാണ് മന്ഥര.
3. തിരുമലയുമായി (തിരുപ്പതി) ബന്ധപ്പെട്ട് 7 കുന്നുകൾ ഉണ്ട്, അവ വൃഷഭദ്രി, അഞ്ജനാദ്രി, നീലാദ്രി, ഗരുഡാദ്രി, ശേഷാദ്രി, നാരായണാദ്രി, വെങ്കടാദ്രി എന്നിവയാണ്.
4. പുരാതന ഇന്ത്യയിൽ 64 കലാരൂപങ്ങൾ നിലനിന്നിരുന്നു.
5. നിലവിലെ വൈവസ്വത മന്വന്തരത്തിലെ ഇന്ദ്രന്റെ പേരാണ് പുരന്ദര.
6. ഉച്ച സമയം, സൂര്യോദയം മുതലുള്ള എട്ടാമത്തെ മുഹൂർത്തം (1 മുഹൂർത്തം= 48 മിനിറ്റ്), കുതപ കാല (അർത്ഥം – പാപങ്ങളെ നശിപ്പിക്കുന്ന) എന്ന് വിളിക്കുന്ന സമയമാണ് ശ്രാദ്ധം അനുഷ്ഠിക്കാൻ ഏറ്റവും അനുയോജ്യമായ സമയം.
7. ബ്രഹ്മശ്രീ കെ.ജയരാമൻ നമ്പൂതിരിയാണ് ശബരിമല മേൽശാന്തി/ മുഖ്യ പൂജാരി. ബ്രഹ്മശ്രീ ഹരിഹരൻ നമ്പൂതിരിയാണ് മാളികപ്പുറം ദേവീക്ഷേത്രത്തിലെ മേൽശാന്തി.
8. 900-ലധികം ജൈനക്ഷേത്രങ്ങളുള്ള ലോകത്തിലെ ഏക പർവതമാണ് ഗുജറാത്തിൽ സ്ഥിതി ചെയ്യുന്ന പാലിതാന എന്ന പർവ്വതം.
9. “സത്യമേവ ജയതേ” എന്നത് ഹിന്ദു ഗ്രന്ഥമായ മുണ്ഡക ഉപനിഷത്തിൽ നിന്നുള്ള ഒരു മന്ത്രത്തിന്റെ ഭാഗമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെത്തുടർന്ന്, 1950 ജനുവരി 26-ന് ഇന്ത്യ ഒരു റിപ്പബ്ലിക്കായി മാറിയ ദിവസം ഇത് “ഇന്ത്യയുടെ ദേശീയ മുദ്രാവാക്യം” ആയി അംഗീകരിക്കപ്പെട്ടു.
10. ഗുരുതി തർപ്പണം എന്നത് ഒരു ആചാരമാണ്, ഗുരുതി (ചുവപ്പ് നിറത്തിലുള്ള ദ്രാവകം ചുണ്ണാമ്പും മഞ്ഞളും വെള്ളത്തിൽ കലർത്തുന്നത്), പരമ്പരാഗത രീതിയിൽ പൂജയ്ക്ക് ശേഷം ഭദ്രകാളി ദേവിക്ക് / കാനനദേവത കൾക്ക് വഴിപാടായി എല്ലാ വർഷവും ചൈതന്യം / ഊർജ്ജം വർദ്ധിപ്പിക്കുന്നതിന്, നടത്തുന്നത്. 2023 ജനുവരി 19-ന് മകരസംക്രമം കഴിഞ്ഞ് ആറാം ദിവസം അത്താഴ പൂജ കഴിഞ്ഞ് മാളികപ്പുറം ക്ഷേത്രമുറ്റത്ത് ഗുരുതി തർപ്പണം നടത്തുന്നു.

---

**മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ:**

ആരുമില്ല

---

## വാർത്തകൾ

ഇന്ന്, 2022 ഡിസംബർ 16 – ഉത്രം – സ്വാമി അയ്യപ്പന്റെ ദിവ്യമായ ജന്മനക്ഷത്രത്തിന്റെ ശുഭദിനം. SASS ന്റെ നിർദ്ദേശപ്രകാരം, ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർ സ്വന്തം വീടുകളിലും സമീപ ക്ഷേത്രങ്ങളിലും ദീപാരാധന, ഭജന, നീരാജനം തുടങ്ങിയവയോടെ ഉത്രം പൂജ നടത്തുന്നു.

***മണ്ഡല – മകരജ്യോതി തീർത്ഥാടനം.**

**മണ്ഡലപൂജയ്ക്കായി ശബരിമല ക്ഷേത്രം നവംബർ 16–ന് വൈകുന്നേരം 5 മണിക്ക് തുറന്നു. എല്ലാ ദിവസവും പുലർച്ചെ 3:00 മുതൽ രാത്രി 11:00 വരെ ദർശനം ലഭ്യമാണ്. എല്ലാ ദിവസവും ഉച്ചയ്ക്ക് 12.00 വരെ നെയ്യഭിഷേകം നടക്കും. ഡിസംബർ 27–ന് മണ്ഡലപൂജ കഴിഞ്ഞ് രാത്രി 11–ന് ക്ഷേത്രം അടയ്ക്കും. വീണ്ടും, മകരജ്യോതി മഹോത്സവത്തിനായി ഡിസംബർ 30–ന് വൈകുന്നേരം 5 മണിക്ക് തുറക്കുകയും 2023 ജനുവരി 20–ന് രാവിലെ 6.00 മണിക്ക് അടയ്ക്കുകയും ചെയ്യുന്നു. 2023 ജനുവരി 14–ന് മകരജ്യോതിദർശന ശേഷം, 5 ദിവസങ്ങളിലെ കളം പാട്ട്, എഴുന്നെള്ളത്ത്, 19–ന് മാളികപ്പുറം ക്ഷേത്ര സമുച്ചയത്തിൽ ഗുരുതി എന്നിവയും ഉണ്ടാകും.**



*** SASS ഗുജറാത്ത്, ഗുജറാത്തിൽ നിന്നുള്ള 44 'അയ്യപ്പ'മാരുടെ ഒരു സംഘത്തിന്റെ ശബരിമല തീർത്ഥാടനം നവംബർ 21 മുതൽ 26 വരെ പരമ്പരാഗത രീതിയിൽ സംഘടിപ്പിച്ചു.**

**സംഘത്തിൽ മലയാളികൾ മാത്രമല്ല, പഞ്ചാബികൾ, ഗുജറാത്തികൾ, സിന്ധികൾ, മറാത്തികൾ, തമിഴർ എന്നിവരും ഉണ്ടായിരുന്നു. സർവശ്രീ സി.പ്രഭാകരൻ (ദേശീയ സെക്രട്ടറി), എസ്. ലക്ഷ്മിനാരായണൻ (ക്ഷേത്രീയ പ്രസിഡന്റ്), സി.വി.നാരായണൻ (സംസ്ഥാന പ്രസിഡന്റ്) എന്നിവരായിരുന്നു തീർഥാടനം മാതൃകാപരമായി സംഘടിപ്പിച്ച പ്രധാന സംഘാടകർ.**

***മണ്ഡല-മകരവിളക്ക്തീർത്ഥാടനകാലത്ത് അന്നദാനം, കുടിവെള്ളം, മെഡിക്കൽ സൗകര്യങ്ങൾ, വിരി, മാർഗ്ഗ നിർദേശങ്ങൾ തുടങ്ങിയവ നൽകിക്കൊണ്ട്, SASS കേരളത്തിലും സമീപ സംസ്ഥാനങ്ങളിലും വിവിധ സ്ഥലങ്ങളിൽ അയ്യപ്പ സേവാ കേന്ദ്രങ്ങൾ (ASK) ഒരുക്കിയിരിക്കുന്നു. സന്നിധാനം, എരുമേലി, കുന്നംകര, വിഴിക്കിത്തോട്, കാളകെട്ടി, പത്തനംതിട്ട, പന്തളം, ചെങ്ങന്നൂർ, മുണ്ടക്കയം, കൊടുങ്ങല്ലൂർ, തൃപ്രയാർ തുടങ്ങിയവയാണ് പ്രധാന ASK–കൾ. ഈ ASK–കളിൽ ഭൂരിഭാഗവും SASS– നേരിട്ടും മറ്റുചിലത് സേവാഭാരതി, ക്ഷേത്ര സംരക്ഷണ സമിതി, വിശ്വ ഹിന്ദു പരിഷത് എന്നിവരുമായി ചേർന്നുമാണ് സംഘടിപ്പിച്ചിരിക്കുന്നത്.**

***പത്തനംതിട്ട ജില്ലയിലെ കുന്നംകരയിലെ "ശബരി ശരണാശ്രമം ട്രസ്റ്റിന്റെ" ഒരു സ്ഥാപനമായ "മണികണ്ഠ ഗുരുകുലത്തിന്റെ" പുതിയ കെട്ടിടം 2022 ഡിസംബർ 4–ന് ബഹുമാനപ്പെട്ട ഗോവ ഗവർണർ**




ശ്രീ. പി എസ് ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്തു. ശ്രീ. കുമ്മനം രാജശേഖരൻ (മിസോറാം മുൻ ഗവർണറും ട്രസ്റ്റിന്റെ രക്ഷാധികാരിയും), ശ്രീ. വി.കെ.വിശ്വനാഥൻ (പ്രസിഡന്റ്), ശ്രീ. വി.എൻ. രാമചന്ദ്രൻ (സെക്രട്ടറി), ശ്രീ. എ.ആർ. മോഹനൻ (ട്രഷറർ) തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. ഇവിടെത്തന്നെ ട്രസ്റ്റിന്റെ കീഴിലുള്ള "SASS അയ്യപ്പ സേവാകേന്ദ്രം – കുനംകര", സെപ്റ്റംബർ 16 മുതൽ സേവനം നടത്തി വരുന്നുണ്ട്.

**ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ**

* ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ ദക്ഷിണ തമിഴ്നാട് സംസ്ഥാനതല ഉദ്ഘാടനം നവംബർ 27–ന് തിരുച്ചിറപ്പിള്ളി ജില്ലയിലെ ശ്രീരംഗത്തുവെച്ച് നടന്നു.






രണ്ട് രഥയാത്രകളും ഫ്ലാഗ് ഓഫ് ചെയ്തു. പ്രത്യേകം നിർമ്മിച്ച, ക്ഷേത്ര മാതൃകയിൽ അലങ്കരിച്ച ഈ രഥങ്ങൾ 2024 ജനുവരി വരെ തുടർച്ചയായി സംസ്ഥാനത്ത് പര്യടനം നടത്തി അയ്യപ്പധർമ്മ സന്ദേശം പ്രചരിപ്പിക്കും. കേന്ദ്ര/ക്ഷേത്ര കമ്മിറ്റികളിൽ നിന്ന് സർവശ്രീ ടി.ബി. ശേഖർ, (ചെയർമാൻ), എൻ. രാജൻ (ജനറൽ സെക്രട്ടറി), എസ്. വിനോദ്കുമാർ, എൻ. മുത്തുകൃഷ്ണൻ, എം.കെ. അരവിന്ദാക്ഷൻ, എൻ. ജയറാം എന്നിവർ പങ്കെടുത്തു. പന്തളം കൊട്ടാരം പ്രസിഡന്റ് ശ്രീമൂലം തിരുനാൾ ശശികുമാരവർമ്മ, ഗോശാല വിഷ്ണു വാസുദേവൻ നമ്പൂതിരി, പിച്ചൈ ഗുരുക്കൾ ധർമ്മപുരം അഥീനം, ഡോ. പി.ടി.ആർ.വിജയരാഘവൻ, ദിനമലർ രാമസുബ്ബു, റിട്ട. ജഡ്ജി സോക്കലിംഗം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സർവ്വശ്രീ പി.ഗണേശൻ, പ്രഭാകരൻ, പന്നീർസെൽവൻ, നീലകണ്ഠൻ തുടങ്ങിയവരായിരുന്നു മുഖ്യ സംഘാടകർ.

* "യുകെ – ഹരിവരാസനം 100 ആഘോഷം" ഡിസംബർ 3–ന് ലണ്ടൻ അയ്യപ്പക്ഷേത്രം (ഹാരോ)വിലും, 4–ന് ബർമിങ്ഹാം ബാലാജി ക്ഷേത്രത്തിലും വെച്ച് പരമ്പരാഗത രീതിയിൽ നടന്നു.



പ്രശസ്ത പിന്നണി ഗായകൻ 'കലൈമാമണി' ശ്രീ. വീരമണി രാജുവും 'ഭക്തിഗാനഗന്ധർവ്വൻ' ശ്രീ. അഭിഷേക് രാജുവും രണ്ടിടത്തും മറ്റ് ചില സ്ഥലങ്ങളിലും പ്രത്യേക ഭക്തിഗാന കച്ചേരികൾ നടത്തി. ബ്രഹ്മശ്രീ ഗോശാല വിഷ്ണു വാസുദേവൻ നമ്പൂതിരി (ശബരിമല മുൻ മേൽശാന്തി) എല്ലാ പൂജാ ചടങ്ങുകളും നടത്തി. ശ്രീ. ഈറോഡ് രാജൻ (SASS ദേശീയ ജനറൽ സെക്രട്ടറി) മുഖ്യാതിഥിയായി പരിപാടികളിൽ പങ്കെടുത്തു. വിശിഷ്ടാതിഥികൾ: ശ്രീ. എം. ഗോപാലകൃഷ്ണൻ (പ്രസിഡന്റ് ഓഫ് ഹിന്ദു (ശൈവ) ടെംപിൾസ്, യുകെ), ശ്രീ. സുന്ദരൻപിള്ള കിരുഭാകർ ഗുരുസ്വാമി (സ്ഥാപക ട്രസ്റ്റി ലണ്ടൻ അയ്യപ്പൻ ക്ഷേത്രം), ഡോ. എസ്. കനഗരത്നം (ട്രസ്റ്റി ബർമിംഗ്ഹാം ബാലാജി ക്ഷേത്രം), ശ്രീ. കുവേന്തിരൻ സീതാമ്പരനാഥൻ സ്വാമി (അയ്യപ്പ പൂജാ ഓർഗനൈസർ) എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

* ഹരിവരാസനം ശതാബ്ദി ആഘോഷം" 2022 നവംബർ 20-ന് (യുഎഇ) അജ്മാനിൽ വെച്ച് "ആദ്ധ്യാത്മിക സമിതി: അയ്യപ്പ ദർശനം 2022 - മണ്ഡല മഹോത്സവം" ത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി. ബ്രഹ്മശ്രീ പരമേശ്വരൻ നമ്പൂതിരി (ശബരിമല മേൽശാന്തി 2021-22) ആയിരുന്നു മുഖ്യ പുരോഹിതൻ.



നവംബർ 19, 20 തീയതികളിലെ രണ്ട് ദിവസത്തെ പരിപാടികളിൽ സർവൈശ്വര്യ പൂജ, പടിപൂജ, പുഷ്പാഭിഷേകം, പഞ്ചവാദ്യം, തായമ്പക, 'ഹരിവരാസനം ശതാബ്ദി ആഘോഷ സദസ്സ്' തുടങ്ങിയ വിവിധ പരിപാടികൾ ഉൾപ്പെടുത്തിയിരുന്നു. ശ്രീ. A. R. മോഹനൻ (SASS രക്ഷാധികാരി), ശ്രീ. വി.കെ.വിശ്വനാഥൻ (SASS സ്ഥാപക ട്രസ്റ്റി) എന്നിവർ വിശിഷ്ട അതിഥികളായി പരിപാടികളിൽ പങ്കെടുത്തിരുന്നു.

*****************

നിഷേധക്കുറിപ്പ് : ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, നാഷ്ണൽ അഡ്മിനിസ്ട്രേഷൻ ഓഫീസ്, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ, കേരളം - 680010, നിന്ന് പ്രസിദ്ധീകരിക്കുന്നത്